
ഇടമൺ യൂ.പി. സ്കൂൾ ഇടമൺ
(മലയാളം & ഇംഗ്ലീഷ് മീഡിയം)
STD V, VI, VII
വിദ്യാഭ്യാസ ജില്ല, പുനലൂർ
ഉപജില്ല, പുനലൂർ
ബി. ആർ.സി, പുനലൂർ
സി. ആർ.സി. ഒറ്റക്കൽ
(എയ്ഡഡ്)
സ്ഥാപിതം 1953
EDAMON UPS



# ദ്യുതി

# ആമുഖം

നവ കേരള മിഷന്റെ ഭാഗമായി സർക്കാർ പ്രഖ്യാപിച്ച പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം ഫലപ്രപ്തിയിൽ എത്തിക്കുന്നതിന് മുന്നോടിയായി അക്കാദമികവാണ് വിദ്യാലയത്തിന്റെ മികവ് എന്ന ആശയത്തിലൂന്നി വിദ്യാഭ്യാസ വികസന പദ്ധതികൾക്ക് രൂപം നൽകുന്നു. അധ്യാപക രക്ഷിതാക്കൾ, പൂർവ്വവിദ്യാർത്ഥികൾ, സാമൂഹിക, രാഷ്ട്രീയ, സാംസ്കാരിക, സന്നദ്ധ സംഘടന പ്രവർത്തകർ, വിവിധ സർക്കാർ, സർക്കാരിത ഏജൻസികൾ എന്നിവയുടെ കൂട്ടായ്മയോടെ ആവിഷ്കരിച്ച് നടപ്പാക്കുന്ന വികസന പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ സാധിക്കും. ലഭ്യമായ വിഭവങ്ങളുടെ ഏറ്റവും ഫലപ്രദമായ ഉപയോഗമാണ് ഉയർന്ന നിലവാരത്തിലുള്ള ആരോഗ്യ, ശുചിത്വം, സംരക്ഷണ സംവിധാനങ്ങൾ ഉറപ്പുവരുത്തി ഫലപ്രദമായി ഉപയോഗിക്കുമ്പോൾ ഒരു വിദ്യാലയം മികവുറ്റതാകുന്നു.

തെന്മല ഗ്രാമപഞ്ചായത്തിലെ ഇടമൺ എന്ന ഗ്രാമത്തിലാണ് ഈ വിദ്യാലയം സ്ഥിതിചെയ്യുന്നത് ചരിത്രപരവും, ഐതിഹാസികമായ ആയ പെരുമയേറുന്ന നാടാണിത് പുനലൂരിനും തെന്മലക്കും ഇടയിൽ സ്ഥിതി ചെയ്യുന്ന പ്രദേശമായതുകൊണ്ട് ഇടമൺ എന്ന പേര് ലഭിച്ചത്. ലോക ഭൂപടത്തിൽ സ്ഥാനം നേടാൻ കഴിഞ്ഞ തെന്മല ഇക്കോ ടൂറിസം സ്ഥിതി ചെയ്യുന്നത് എന്നൊരു പ്രത്യേകത കൂടി ഈ ദേശത്തുണ്ട്.

ഇടമണ്ണിൽ വിദ്യാഭ്യാസ നഭസ്സിലെ നക്ഷത്രമായ ഇടമൺ യു.പി.എസിന്റെ ചരിത്രം ഈ പ്രദേശത്തിന്റെ ആകെ ചരിത്രത്തിന്റെ ഭാഗമാണ് ഒരു ജനതയുടെ വളർച്ച വിദ്യാഭ്യാസത്തിലൂടെയാണെന്ന് മനസ്സിലാക്കിയ നിസ്വാർത്ഥനും ക്രാന്തദർശിയുമായ ശ്രീ കെ. പപ്പു മുതലാളി തന്റെ തൊഴിൽ മേഖലയിൽ നിന്നും ലഭിച്ച തുക കൊണ്ട് ഒരു സ്കൂൾ തുടങ്ങുവാൻ തീരുമാനിച്ചു. സി. കേശവന്റെ അനുഗ്രഹശിസ്സുകളോടെ ഇടമൺ യുപി സ്കൂൾ പ്രവർത്തനം ആരംഭിച്ചു ഈ നാടിന്റെ വിദ്യാഭ്യാസ സ്ഥാപനം എന്ന നിലയിൽ ഈ സ്കൂളിന്റെ പേര് പോലും പ്രത്യേകത ഉള്ളതാണ്.

1953–ൽ ഇടമൺ എസ്.എൻ.ഡി.പി ശാഖാ മന്ദിരത്തിൽ എന്ന 54 കുട്ടികളുമായിട്ടാണ് ഈ സ്കൂൾ പ്രവർത്തനം ആരംഭിച്ചത്. എസ്. തങ്കമ്മ ടീച്ചർ ആയിരുന്നു അന്നത്തെ പ്രധാന അധ്യാപിക ടീച്ചറോടൊപ്പം ശ്രീ പി. എം. ജോസഫ് ശ്രീ. എൻ. വാസുആചാരി, എന്നിവരും അധ്യാപകരായി സേവന അനുഷ്ഠിച്ചു. കേരളപ്പിറവിക്കും മുമ്പുള്ള വിദ്യാലയമായതിനാൽ അതിന്റെ പ്രവർത്തന കാര്യാലയം ചെങ്കോട്ടയിൽ ആയിരുന്നു കേരളപ്പിറവിക്ക് ശേഷമാണ് എ.ഇ.ഓഫീസ് പുനലൂരിൽ പ്രവർത്തനം ആരംഭിച്ചത്. സാമൂഹിക സാംസ്കാരിക രാഷ്ട്രീയ മേഖലകളിൽ മികവ് തെളിയിച്ച പണ്ഡിതരായ അനേകം അധ്യാപകർ ഇവിടെ സേവനമനുഷ്ഠിച്ചിരുന്നു.

യാത്രാസൗകര്യം വളരെ കുറവായിരുന്നുവെങ്കിലും 1954–60 കാലയളവുകളിൽ ആര്യങ്കാവ്–തെന്മല പഞ്ചായത്തുകളിലും മിക്കവാറും എല്ലാ പ്രദേശങ്ങളിൽ നിന്നും കുട്ടികൾ എവിടെ എത്തി പഠിച്ചിരുന്നു. വിവിധ മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ച അനേകരുടെ വഴികാട്ടിയാണ് ഈ വിദ്യാലയം. തുടക്കത്തിൽ മലയാളം മീഡിയം ആയിരുന്നു ഉണ്ടായിരുന്നതെങ്കിലും ഇപ്പോൾ ഇംഗ്ലീഷ് മീഡിയവും, മലയാളം മീഡിയവും ഉണ്ട്. സ്കൂൾ മാനേജരായി ശ്രീ കെ. പപ്പു മുതലാളി 1996–ൽ അന്തരിച്ചതിനെ തുടർന്ന് അദ്ദേഹത്തിന്റെ കുടുംബാംഗങ്ങൾക്ക് മാനേജർ സ്ഥാനം നൽകി. മാനേജർ ശ്രീമതി എം. പി. വിലാസിനിയുടെയും പ്രധാന അധ്യാപിക ശ്രീമതി കൽപ്പന എസ്. ദാസിന്റെയും നേതൃത്വത്തിൽ 10 അധ്യാപകരും ഒരു ഓഫീസ് അറ്റൻഡും ഉൾപ്പെടെ 11 ജീവനക്കാരും 176 കുട്ടികളുമായി പുനലൂർ ജില്ലയിലെ മികച്ച സ്കൂളുകളിൽ ഒന്നായി ഇടമൺ യു.പി. സ്കൂൾ കർമ്മവീഥിയിലൂടെ മുന്നോട്ട് യാത്ര തുടരുന്നു.

കാലത്തിനനുസരിച്ചുള്ള കരിക്കുലം പരിഷ്കരണമാണ് അക്കാദമിക് മികവിന്റെ ഭൂമിക. അതിന്മേലുള്ള പരിശ്രമഫലമായി തകർന്നുകിടക്കുന്ന കാർഷിക, പാരിസ്ഥിതിക, സാംസ്കാരിക ആരോഗ്യ മേഖലകളുടെ ഉണർവിന് വേണ്ടി വരും തലമുറകളെ പ്രാപ്തമാക്കുക എന്നതാണ് പരിഷ്കരണ രീതിശാസ്ത്രം.

അധ്യാപകരെ മാറ്റത്തിനനുസരിച്ച് പരിശീലിപ്പിക്കുക എന്നതാണ് രണ്ടാംഘട്ടം തുടർന്ന് ഇവർക്കെല്ലാം ആധുനിക രീതിയിലുള്ള ഐ.ടി. പരിശീലനം നൽകപ്പെടുന്നു. ക്ലാസുകൾ പൂർണമായും ഹൈടെക് ക്ലാസുകളായി മാറുകയാണ് ഓരോ വിഷയത്തിലും ഐ.ടി. എങ്ങനെ ഉപയോഗിക്കാമെന്ന് അധ്യാപകന് ബോധ്യം വന്നാൽ വിഷയ പഠനത്തിന്റെ സാധ്യത ആനന്ദമാകും.

ക്ലാസ് മുറികൾ ആധുനിക പഠനത്തിൻറെ കേന്ദ്രങ്ങളായി മാറണം ഐ.ടി. അറ്റ് സ്കൂളിന്റെ നേതൃത്വത്തിൽ ആയിരിക്കും മുഴുവൻ അധ്യാപകർക്കും, ഉള്ള ഐ.ടി. പരിശീലനം ആധുനിക രീതിയിലുള്ള പരിശീലനം നൽകുന്നതാണ് പദ്ധതി.

## വർഷം കുട്ടികളുടെ എണ്ണം മുൻവർഷങ്ങളിൽ

| വർഷം | 5 | 6 | 7 | ആകെ |
|---|---|---|---|---|
| | | | | |
| | | | | |
| | | | | |
| | | | | |
| | | | | |

## നിലവിലുള്ള അധ്യാപകർ

ഹെഡ് മിസ്ട്രസ് – 1

യു. പി. സ്കൂൾ – 6

ഓഫീസ് അസിസ്റ്റന്റ് – 1

ഹിന്ദി – 1

സംസ്കൃതം – 1

അറബിക് – 1

ഹെഡ് ടീച്ചർ – 1

മൊത്തം ജീവനക്കാർ – 12

ആകെ ക്ലാസുകൾ ആകെ – 7

# നിലവിലെ അവസ്ഥാ വിശകലനം

## വിദ്യാലയത്തിന്റെ ശക്തികളും പരിമിതികളും

### ശക്തികൾ

- അർപ്പണ മനോഭാവത്തോടുകൂടി പ്രവർത്തിക്കുന്ന പി.ടി.എ., എം.പി.ടി.എ
- ആത്മാർത്ഥതയുടെ പ്രവർത്തിക്കുന്ന അധ്യാപകർ
- കുട്ടികളുടെ പാഠ്യപാഠാനുബന്ധ പ്രവർത്തനങ്ങളിൽ താല്പര്യമുള്ള രക്ഷിതാക്കൾ അഭ്യുദയകാംഷികൾ.

### പരിമിതികൾ

- വിവിധ മത്സര പരീക്ഷകളിലെ കുട്ടികളുടെ മികവ് ഇനിയും വർദ്ധിക്കേണ്ടത് ഉണ്ട്.
- പ്രത്യേകം ലൈബ്രറി ലാബ് റൂമുകൾ ഇല്ലാത്ത അവസ്ഥ.
- സ്കൂളിന് ചുറ്റുമതിൽ ഇല്ലാത്തത് കാരണം ജൈവകൃഷി ഔഷധത്തോട്ടം തുടങ്ങിയ ഫലപ്രദമായി പരിപാലിക്കാൻ കഴിയാത്ത അവസ്ഥ.

## നേട്ടങ്ങൾ

പുനലൂർ ജില്ലയിലെ ഏറ്റവും മികച്ച യു.പി. സ്കൂളായി ഇടമൺ യു.പി. സ്കൂൾ നിലനിൽക്കുന്നു. കലാകായിക മത്സരങ്ങളിൽ ഓവറോളുകൾ അടക്കം നിരവധിൽ സമ്മാനങ്ങൾ നേടി വരുന്നു. സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന്റെയും ഇടമൺ പബ്ലിക് ലൈബ്രറിയുടെയും ആഭിമുഖ്യത്തിൽ നടപ്പാക്കിയ **എന്റെ പുസ്തകം, എന്റെ കുറിപ്പ്, എന്റെ എഴുത്തുപെട്ടി** എന്ന പദ്ധതിയിലൂടെ മികച്ച വായനക്കുറിപ്പിന് മൂന്ന് കുട്ടികൾക്ക് മാസംതോറും ക്യാഷ് അവാർഡ് നൽകിവരുന്നു. ജെ.ആർ.സി. യൂണിറ്റിന്റെ കാരുണ്യ സ്പർശം എന്നീ ജീവകാരുണ്യ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. യു.എസ്.എസ്. സെലക്ഷൻ ലഭിച്ചു വരുന്നു.

## കാഴ്ചപ്പാട്

ഗ്രാമപഞ്ചായത്തിലെ ആദ്യകാല വിദ്യാലയങ്ങളിൽ ഒന്നായ ഇടമൺ യു.പി. സ്കൂളിൽ തീരെ നിർധനരായ കുട്ടികളാണ് അധ്യായനം നടത്തുന്നത്. സ്കൂളിന്റെ സമഗ്ര പുരോഗതി ലക്ഷ്യമാക്കി 2025 മുതൽ 28 വരെയുള്ള കാലഘട്ടത്തിൽ ഭരണകൂടത്തിന്റെയും, തദ്ദേശസ്വയംഭണ സ്ഥാപനത്തിന്റെയും, പൂർവ്വ വിദ്യാർത്ഥികളുടെയും, പൂർവ്വ അധ്യാപകരുടെയും, സാമൂഹിക പ്രവർത്തകരുടെയും രക്ഷകർതൃ സമിതി, മാതൃ സമിതി, പൊതുജനങ്ങൾ എന്നിവരുടെയും സഹായത്തോടുകൂടി പ്രവർത്തനങ്ങൾ നിയന്ത്രണം ചെയ്തു നടപ്പിലാക്കാൻ ലക്ഷ്യം വയ്ക്കുന്നു.

കുട്ടികളുടെ സമഗ്ര വ്യക്തിത്വവികസന് ഉതകുന്ന തരത്തിൽ ഉള്ള പാഠ്യപാഠാനുബന്ധ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയും നടപ്പിൽ വരുത്തുകയും, മികച്ച അക്കാദമി നിലവാരം.? ഉറപ്പുവരുത്തുന്ന് വിദ്യാർത്ഥികളുടെ ഒരു സമൂഹത്തെ വാർത്തെടുക്കുകയും ചെയ്യുന്നു.

- പഠനത്തെ പരിസരബന്ധിയും ജീവിതബന്ധിയും ആകുവാൻ ആവാസ പരിസര സാധ്യത പ്രയോജനപ്പെടുത്തുകയും സ്കൂൾ ക്യാമ്പസും ഒരു പാഠപുസ്തകം ആക്കി വികസിപ്പിക്കുകയും ചെയ്യും.
- പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിൽ വിദ്യാർഥികളെ പങ്കാളികളാക്കികൊണ്ട് പാരിസ്ഥിതിക ബോധവും സൃഷ്ടിക്കും.
- ജൈവവൈവിധ്യ സംരക്ഷണത്തിന്റെ പ്രാധാന്യം ഉൾക്കൊണ്ട് ലോകം നേരിടുന്ന പാരിസ്ഥിതിക പ്രശ്നങ്ങളിൽ പരിഹരിക്കുന്നതിന് തന്റേതായ നിലയിൽ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പിലാക്കും.
- ഇത്തരം പ്രവർത്തനങ്ങളിലൂടെ പ്രകൃതിസൗഹൃദ വിദ്യാലയ സങ്കല്പം യാഥാർത്ഥ്യമാകും.
- പാഠ്യപാഠാനുബന്ധം പ്രവർത്തനങ്ങളിൽ സജീവ താത്പര്യത്തോടെ കുട്ടികൾ പങ്കെടുക്കുന്ന വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കും.
- ശുചിത്വം തുടങ്ങിയ മൂല്യങ്ങളും മനോഭാവങ്ങളും  രൂപപ്പെടുത്തുവാനുള്ള സാഹചര്യം ഒരുക്കൽ.
- പാരിസ്ഥിതികവബോധത്തോടെ ജീവിക്കാനും വരും തലമുറയ്ക്ക് കൈമാറേണ്ട ഭൂമിയിലെ താൽക്കാലിക വാസികൾ മാത്രമാണ് മനുഷ്യർ എന്ന അവബോധത്തോടെയും പരിസ്ഥിതിയെ കാത്തുസൂക്ഷിക്കുവാനും സുസ്ഥിരവികസനം കാഴ്ചപ്പാട് രൂപീകരിക്കുന്നതിനും കുട്ടികളെ പ്രാപ്തമാക്കൽ.
- ലഹരി വിമുക്ത കേരളം എന്ന ലക്ഷ്യം നടപ്പാക്കാൻ കുട്ടികളെ പ്രാപ്തമാക്കൽ.

## പൊതുലക്ഷ്യങ്ങൾ

- മികവിന്റെ കേന്ദ്രമാക്കി വിദ്യാലയത്തെ മാറ്റുക.
- വിദ്യാർത്ഥികൾക്ക് ഗുണമേന്മയുള്ള വിദ്യാഭ്യാസം തുല്യ അവസരം അവസരങ്ങൾ പ്രാധാന്യം പ്രദാനം ചെയ്തുകൊണ്ട് ഉറപ്പാക്കുക.
- സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും അതാത് ക്ലാസുകളിൽ നേരിടേണ്ട പഠന വിഷയങ്ങൾ കൈവരിച്ച് കൈവരിച്ചു എന്ന് ഉറപ്പുവരുത്തും.
- അക്കാദമിക നിലവാരം ഉയർത്തുക.
- സാങ്കേതികവിദ്യയുടെ ഉപയോഗം പരമാവധി പ്രയോജനപ്പെടുത്തുക.
- കുട്ടികളുടെ സർഗ്ഗപരവും അക്കാദമികവും കായികപരവുമായ കഴിവ് പരമാവധി പ്രോത്സാഹിപ്പിച്ച് നേട്ടങ്ങൾ കൈവരിക്കാൻ പ്രാപ്തരാക്കും.
- എല്ലാ കുട്ടികൾക്കും മലയാളം ഇംഗ്ലീഷ് ഹിന്ദി ഭാഷകൾ  സംസാരിക്കുവാനും വായിക്കുവാനും എഴുതുവാനുമുള്ള കഴിവ് ഉറപ്പുവരുത്തും.
- അധ്യാപനവും അധ്യായനവും സർഗാത്മവും രസകരവുമാക്കുന്നതിന് ഉപകരിക്കുന്ന വിധത്തിലുള്ള വിവിധ പ്രവർത്തനങ്ങൾ രൂപപ്പെടുത്തൽ.
- മതനിരപേക്ഷ ജനാധിപത്യമൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് ഗ്രാമീണ അന്തരീക്ഷത്തിൽ തികച്ചും സൗജന്യമായ വിദ്യാഭ്യാസം  സമസ്ത ജന വിഭാഗങ്ങളിലും ഉറപ്പുവരുത്തുക.
- ഗുണമേന്മ വിദ്യാഭ്യാസം ഉറപ്പാക്കൽ.

# പദ്ധതി രൂപീകരണ പ്രക്രിയ

സ്കൂൾ എസ്. ആർ. ജി. സബ്ജക്ട് കൗൺസിൽ വിദ്യാലയ വികസനസമിതി എന്നിവയുടെ നേതൃത്വത്തിൽ പദ്ധതി രൂപീകരണത്തിനുള്ള പൊതു ധാരണകൾ കണ്ടെത്തി പി.ടി.എ., എം. പി. ടി. എ. യോഗങ്ങൾ കൂടി അധ്യാപകരും ചേർന്ന് പദ്ധതിക്ക് രൂപം നൽകി.

## പദ്ധതി രൂപരേഖ തയ്യാറാക്കൽ

എസ്.ആർ.ജി., പി.ടി.എ., എം. പി. ടി. എ. ജനപ്രതിനിധികൾ തുടങ്ങിയവരടങ്ങുന്ന ശില്പശാലയിൽ അവതരിപ്പിക്കൽ., നിർദ്ദേശങ്ങൾ കൂട്ടിച്ചേർത്ത് വികസനരേഖ വികസിപ്പിക്കൽ.

1. എസ്. ആർ. ജി. യോഗത്തിൽ ഇടമൺ യു.പി. സ്കൂൾ വിഷൻ 2030 എന്ന വികസന കാഴ്ചപ്പാട് അവതരിപ്പിക്കലും ചർച്ചയും.
2. വികസന ആവശ്യങ്ങൾ ക്ലാസ് /വിഷയം–അടിസ്ഥാനത്തിൽ ഭൗതികം, അക്കാദമികം സാമൂഹികം എന്നിങ്ങനെ തിരിച്ചു കരട് രൂപരേഖ തയ്യാറാക്കൽ.
3. ശില്പശാലയിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ നിർദ്ദേശങ്ങൾക്ക് കൂടി ചേർക്കൽ നിർദ്ദേശങ്ങൾ കൂട്ടിച്ചേർക്കൽ.
4. പി.ടി.എ. നേതൃത്വത്തിൽ ക്രോഡീകൃത പദ്ധതി തയ്യാറാക്കൽ.

## ഇടമൺ യുപി സ്കൂൾ വിഷൻ 2025

- സൗജന്യ പഠന പോഷണ സഹായം
- പൊതുവിജ്ഞാന പരിശീലനം
- സന്മാർഗ ബോധ പരിശീലനം
- യു.എസ്.എസ്. പരിശീലനം
- പ്ലാസ്റ്റിക് മുക്ത വിദ്യാലയം
- ലഹരിമുക്ത വിദ്യാലയം
- വായന പരിപോഷണം
- ശിശു സൗഹൃദ വിദ്യാലയം
- മാലിന്യ സംസ്കരണം
- ഭിന്നശേഷി സൗഹൃദ വിദ്യാലയം

# ലക്ഷ്യങ്ങൾ

- പഠന പിന്നോക്കാവസ്ഥയിലുള്ള വിദ്യാർത്ഥികൾക്ക് അക്ഷരജ്ഞാനം സംഖ്യാബോധം എന്നിവ നൽകി പഠനത്തിന് പ്രോത്സാഹനം നൽകുക.
- കുട്ടികളുടെ പൊതുവിജ്ഞാനം വർദ്ധിപ്പിക്കുക.
- സമൂഹത്തിൽ മാതൃക ജീവിതം നയിക്കുന്നതിന് കുട്ടികളെ പ്രാപ്തരാക്കുക.
- സാമൂഹ്യ സേവനത്തിന് കുട്ടികളെ പ്രാപ്തരാക്കുക.

- തൊഴിൽ ചെയ്യുവാൻ ചെയ്യാനുള്ള കഴിവ് വികസിപ്പിക്കുക.
- കുട്ടികളിൽ വായനാശീലം വളർത്തുക.
- കുട്ടികളുടെ കഴിവിന് സമസ്തമേഖലകളുടെയും വികാസം.
- വിദ്യാലയങ്ങളെ വിദ്യാലയങ്ങളിലെ മുഴുവൻ വിദ്യാർത്ഥികൾക്കും തുല്യതയിൽ ഊന്നിയുള്ള ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പുവരുത്തുക.

## പ്രവർത്തനങ്ങൾ

### സൗജന്യ പഠന പോഷണ സഹായം

ക്ലാസ് ടീച്ചറിന്റെ നേതൃത്വത്തിൽ ഓരോ വിഷയങ്ങളിലും പിന്നോക്കാവസ്ഥയിലുള്ള കുട്ടികളുടെ പേരുകൾ ലിസ്റ്റ് ചെയ്യുകയും അധ്യാപക രക്ഷകർത്താങ്ങളിൽ പഠന നിലവാരം ചർച്ച ചെയ്യുകയും പരിഹാരമാർഗ്ഗങ്ങൾ തീരുമാനിക്കുകയും ചെയ്യുന്നു. അധിക സമയം കണ്ടെത്തി ഓരോ വിഷയങ്ങളുടെയും അധ്യാപകരുടെ നേതൃത്വത്തിൽ പഠന പോഷണത്തിനുള്ള സഹായം നൽകുന്നു.

ശ്രദ്ധ-മികവിലേക്ക് ഒരു ചുവട്, മലയാളത്തിളക്കം, ഹലോ ഇംഗ്ലീഷ് പദ്ധതികൾ ക്രമമായി നടപ്പിലാക്കി വരുന്നു.

### പൊതുവിജ്ഞാന പരിശീലനം

പഠന പ്രവർത്തനങ്ങളോടൊപ്പം എല്ലാ വിദ്യാർത്ഥികൾക്കും പൊതുവിജ്ഞാനത്തിൽ മികവ് നേടുന്നതിനായി പരിശീലനം നൽകുന്നു. പൂർവ്വ വിദ്യാർത്ഥികളുടെ സേവനം ഇതിനായി പ്രയോജനപ്പെടുത്തുന്നു.

### സന്മാർഗ ബോധന ക്ലാസ്

ബോധനം കുട്ടികൾക്ക് നൽകി സമൂഹത്തിൽ മാതൃക ജീവിതം നയിക്കുന്നതിന് കുട്ടികളെ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടുകൂടി ബോധവൽക്കരണ ക്ലാസുകളും പഠന ക്ലാസുകളും യോഗ ക്ലാസുകളും ക്രമീകരിക്കുന്നു.

ആശാവർക്കർമാരുടെയും വാർഡ് മെമ്പറുടെ മാരുടെയും സഹായത്തോടെ സന്മാർഗ്ഗബോധന ക്ലാസുകൾ ആസൂത്രണം ചെയ്യുന്നു.

### മാലിന്യ സംസ്കരണം

ജൈവ-അജൈവമാലിന്യങ്ങൾ പ്രത്യേകമായി തരംതിരിച്ച് സംസ്കരിക്കാനുള്ള സംവിധാനങ്ങൾ തെന്മല ഗ്രാമപഞ്ചായത്തിന്റെയും, പുനലൂർ ഏരീസിന്റെയും സഹകരണത്തോടെ തയ്യാറാക്കി വരുന്നു.

### ക്ലബ്ബ് പ്രവർത്തനങ്ങൾ

പരിസ്ഥിതി ക്ലബ്ബ്, സയൻസ് ക്ലബ്ബ്, സോഷ്യൽ ക്ലബ്ബ്, അറബി, സംസ്കൃതം, ഹിന്ദി ക്ലബ്ബുകൾ സജീവമായി പ്രവർത്തിക്കുന്നു.

### കലാകായിക പ്രവർത്തി പരിചയം

കലാകായിക പ്രവർത്തി പരിശീലനത്തിന് പ്രത്യേക അധ്യാപകർ ഇല്ലെങ്കിൽ പോലും അർപ്പണ മനോഭാവമുള്ള അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും പ്രവർത്തനങ്ങൾ മൂലം മികച്ച വിജയം കൈവരിക്കുന്നു., ജില്ലാതലത്തിലും സബ്ജില്ലാതലങ്ങളിലും വിജയം കൈവരിക്കുന്നു.

**അസംബ്ലി**

തിങ്കൾ, വെള്ളി ദിവസങ്ങളിൽ യഥാക്രമം മലയാളം, ഇംഗ്ലീഷ്, ഹിന്ദി ഭാഷകളിൽ അസംബ്ലി നടത്തുന്നു. വ്യായാമം, പ്രാർത്ഥന, മഹത്വചനങ്ങൾ, ദിനാചരണങ്ങൾ തുടങ്ങിയ കുട്ടികൾക്ക് വളരെ പ്രയോജനപ്രദമാണ്.

**ജെ.ആർ.സി., സ്കൗട്ട് & ഗൈഡ്**

ജെ.ആർ.സി., സ്കൗട്ട് & ഗൈഡ് ന്റെയും ഓരോ യൂണിറ്റുകൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നു.

## സാമൂഹിക പങ്കാളിത്തം

**പി.ടി.എ./എം.പി.ടി.എ.**

അധ്യാപക രക്ഷകർത്യ സമിതിയും, മാതൃസമിതിയും മാതൃകാപരമായ പ്രവർത്തിക്കുന്നു.

**സി.പി.ടി.എ.**

ഓരോ ടേമിനും രണ്ട് ക്ലാസ് സംഘടിപ്പിക്കുന്നു പ്രവർത്തനങ്ങൾ വിശകലനം ചെയ്യുന്നു പാഠ്യ–പാഠാനുബന്ധ പ്രവർത്തനങ്ങൾ വിശകലനങ്ങൾ ചെയ്യുന്നു.

**കൗൺസിലിംഗ്**

പഠനപ്രവർത്തനങ്ങൾ കുട്ടികളെ സഹായിക്കാനും മാനസിക സംഘർഷങ്ങൾ ലഘുകരിക്കുന്നതിനും സ്കൂൾ കൗൺസിലിംഗ് സഹായിക്കുന്നു. ഇതുകൂടാതെ വിദഗ്ധരായ വ്യക്തികൾ രക്ഷകർത്താക്കൾക്കും, കുട്ടികൾക്കും കൗൺസിലുകൾ നൽകുന്നു.

# മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

| അക്കാദമികം | ഭൗതികം | സാമൂഹികം |
|---|---|---|
| • ഭാഷശേഷി വികസനം<br>• ഗണിതശേഷി വികസനം<br>• ഇംഗ്ലീഷ് പഠന പരിപോഷണം<br>• പരിപാടി ശാസ്ത്ര പോഷണം പരിപാടി<br>• വായനാ പരിപോഷണം<br>• ലൈബ്രറി ശാക്തീകരണം<br>• ലാബോറട്ടറി ആധുനികവൽക്കരിക്കൽ<br>• പ്രതിഭാ പോഷണ പരിപാടി<br>• വൈവിധ്യ പാർക്ക് ജൈവവൈവിധ്യ പാർക്ക്<br>• സാഹിത്യ പോഷണ പരിപാടികൾ<br>• പഠന യാത്രകൾ<br>• സെമിനാറുകൾ<br>• കലാകായിക മേള<br>• ഐടി പരിശീലനം<br>• അധ്യാപക ശാക്തീകരണ പരിപാടികൾ<br>• ക്ലാസ് പി.ടി.എ. സജീവമാക്കൽ<br>• പ്രവർത്തി പരിചയ പഠനം<br>• എസ്.ആർ.ജി. | • ചുറ്റുമതിൽ, ഗേറ്റ്<br>• കളിസ്ഥലം<br>• ക്ലാസ് മുറികൾ<br>• ഓഫീസ് മുറി<br>• സ്റ്റാഫ് മുറി<br>• കമ്പ്യൂട്ടറും<br>• മൾട്ടിമീഡിയ റൂം<br>• ലൈബ്രറി<br>• അടുക്കള<br>• ഡൈനിങ് ഹാൾ<br>• അസംബ്ലി ഹാൾ<br>• കുടിവെള്ള വിതരണം<br>• മാലിന്യ സംസ്കരണം<br>• ലാബോറട്ടറി<br>• ജന്മദിനത്തിന് ഒരു പുസ്തകം<br>• എന്റെ വീട്ടിലും ഒരു കൃഷിത്തോട്ടം<br>• സന്നദ്ധ സംഘടനകൾ<br>• ടോയ്‌ലറ്റ് | • പിടിഎ ശക്തിപ്പെടുത്തൽ<br>• വിദ്യാലയ വികസന സമിതി<br>• ഗ്രന്ഥശാലകൾ, ക്ലബ്ബുകൾ വിദ്യാഭ്യാസ പ്രവർത്തകർ, പൂർവ്വ അധ്യാപകർ, സഹകരണ സ്ഥാപനങ്ങൾ എന്നിവയുടെ സേവനം പ്രയോജനപ്പെടുത്തൽ<br>• ക്ലാസ്സ് പിടിഎ മാതൃകാപരമാക്കുന്നതിനുള്ള നടപടികൾ<br>• വിദ്യാലയ മികവുകൾ പൊതുസമൂഹവുമായി പങ്കിടൽ<br>• പഠനക്കൂട്ടം<br>• പ്രാദേശിക പി.ടി.എ.<br>• ഭവന സന്ദർശനം<br>• ഭിന്നശേഷിക്കാർക്കുള്ള കൈത്താങ്ങലുകൾ നൽകൽ<br>• ഗാന്ധിയൻ ഇൻഷേറ്റിവ് ട്രൂത്ത് ജി.ഐ.ടി. പുനലൂർ |

| | | |
|---|---|---|
| ശാക്തീകരണം<br>• ശാസ്ത്രാഭിരുചി വളർത്തൽ<br>• പച്ചക്കറി തോട്ടം<br>• പോഷകാഹാര പരിപാടി<br>• ഗണിത ലാബ് ഗണിതാ അന്തരീക്ഷമൊരുക്കൽ<br>• ഭാഷാ ലാബ്<br>• ടേം മൂല്യംനിർണയം, യൂണിറ്റ് ടെസ്റ്റ്, നിരന്തര വിലയിരുത്തൽ<br>• ദിനാചരണം<br>• കായിക പഠനം<br>• ക്ലാസുകൾ<br>• ബോധവൽക്കരണ ക്ലാസുകൾ<br>• കൗൺസിലിംഗ് ക്ലാസുകൾ<br>• കുട്ടികൾക്കും രക്ഷിതാക്കൾക്കും സൂംമ്പാ ഡാൻസ് | | |

# I. സ്കൂൾ ലൈബ്രറി സംവിധാനം ആകർഷകമാക്കി പുസ്തകങ്ങളുടെ ഉപയോഗം ഫലപ്രദമാകും

## ആമുഖം

സ്കൂൾ ലൈബ്രറിയിൽ ഏകദേശം 700 ഓളം പുസ്തകങ്ങൾ നിലവിൽ ഉണ്ട് ഗണിതം, സാഹിത്യം, സയൻസ്, സോഷ്യൽ, ഇംഗ്ലീഷ്, ഹിന്ദി, അറബിക്, സംസ്കൃതം തുടങ്ങിയ വിഷയങ്ങളുമായി ബന്ധപ്പെട്ട വിവിധതരം പുസ്തകങ്ങൾ ഉണ്ട് കൂടാതെ ഭാഷ കൈകാര്യം ചെയ്യുന്നതിന് ആവശ്യമായ നിഘണ്ടുവും ഉൾപ്പെടുന്നു. നിലവിൽ പരിമിതമായ സ്ഥലസൗകര്യങ്ങളാണ് ഉള്ളത് ഈ പരിമിതികളെ മറികടക്കാൻ വായനശാല നവീകരിക്കുന്നു. പൂർവ്വ വിദ്യാർത്ഥികൾ, അഭ്യുദയകാംക്ഷികൾ, റിട്ടയേഡ് അധ്യാപകർ, വ്യാപാര വ്യവസായ സ്ഥാപനങ്ങൾ, പി.ടി.എ., മുതലായ വരുടെ സഹകരണത്തോടെ പുസ്തകങ്ങൾ ശേഖരിച്ച് പ്രദർശിപ്പിക്കുന്നതിന് ആവശ്യമായ സൗകര്യങ്ങൾ ഉണ്ടാക്കാൻ തീരുമാനിച്ചു കുട്ടികൾക്ക് സർഗാത്മക രചനകൾ നടത്തുവാനും, കലാകായിക വാസന പ്രകടിപ്പിക്കുന്നതിന് ഉതകുന്ന തരത്തിലുള്ള പുസ്തക ശേഖരം ഉണ്ടാക്കുന്നു.

## ലക്ഷ്യം

2026 ഡിസംബർ 31ന് മുമ്പ് സ്കൂൾ ലൈബ്രറി മാതൃകാപരമായി ക്രമീകരിച്ച് ആകർഷകമാക്കുകയും പുസ്തകങ്ങളുടെ ഫലപ്രദമായ ഉപയോഗം ഉറപ്പുവരുത്തുകയും ചെയ്യും.

## പ്രവർത്തനങ്ങൾ

നിലവിൽ ലഭ്യമായ പുസ്തകങ്ങളുടെ ഇനം തിരിച്ച് തരംതിരിക്കുന്നു പുസ്തകത്തിന്റെ പേരിൽ അക്ഷരമാല ക്രമത്തിൽ (2026 ഏപ്രിൽ മെയ് മാസങ്ങളിൽ ചുമതലക്കാരും, തെരഞ്ഞെടുത്ത അധ്യാപകരും വിവിധ വിഷയങ്ങളിൽ നിന്നും കുറച്ചു കുട്ടികളും) ഓരോ ക്ലാസിന് ഉപയോഗിക്കാവുന്ന പുസ്തകങ്ങളുടെ ലിസ്റ്റ് തയ്യാറാക്കുന്നു.

- പാഠപുസ്തകത്തിന്റെ ഭാഗമായി സബ്ജക്ട് കൗൺസിലിന്റെ നേതൃത്വത്തിൽ (2026 മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങളിൽ)
- പുസ്തക വിതരണത്തിനുള്ള സൗകര്യം ഒരുക്കുന്നു (2026 ജൂൺ രണ്ടാമത്തെ ആഴ്ചയിൽ)
- ഓരോ ക്ലാസിൽ നിന്നും ഒരു ആൺകുട്ടിയും ഒരു പെൺകുട്ടിയും കൂടി ലൈബ്രറിയന്മാരാകുന്നു
- പ്രവർത്തന രീതി കുട്ടികൾക്ക് വിശദമാക്കി കൊടുക്കുന്നു
- ഓരോ ക്ലാസിനും ഒരു ബുക്ക് വിതരണ രജിസ്ട്രായി നൽകുന്നു
- പുസ്തക വിതരണം ആഴ്ചയിൽ ഒരിക്കൽ എല്ലാ വെള്ളിയാഴ്ചയും 1:30 ന്
- ലഭ്യമായ ഫണ്ട് ഉപയോഗിച്ച് ലൈബ്രറി പുസ്തകങ്ങൾ വാങ്ങുന്നു

## നിർവഹണ ചുമതല

വിദ്യാരംഗം അംഗങ്ങൾ വിദ്യാരംഗം കൺവീനർ ആശ. വി ലൈബ്രറി ചുമതലയുള്ള അധ്യാപിക ധന്യ. എസ്. കണ്ണൻ

**ധനകാര്യ വിശകലനം**

ചുമരുകൾ പെയിന്റ് ചെയ്ത് ആകർഷമാക്കുന്നതിനും, ഫോട്ടോ ചിത്രങ്ങൾ എന്നിവ വാങ്ങുന്നതിനും പുസ്തകങ്ങൾ വാങ്ങുന്നതിനും ആനുകാലികങ്ങൾക്ക് പ്രതിവർഷ വരിസംഖ്യ ആകെ 50000 രൂപ.

**മോണിറ്ററിംഗ്**

ഹെഡ്മാസ്റ്റർ, എസ്. ആർ. ജി., കൺവീനിയർ, പി. ടി. എ., എം. പി. ടി. എ. സബ്ജക്ട് കൗൺസിൽ

## II. ക്ലാസ്സ് ലൈബ്രറി നവീകരണം

2025 ഓഗസ്റ്റ് മാസത്തിനു മുമ്പായി ക്ലാസ്സ് ലൈബ്രറി സംവിധാനം മെച്ചപ്പെടുത്തി പ്രവർത്തനക്ഷമമാക്കും.

- എല്ലാ വിഷയങ്ങൾക്കും ഓരോ ക്ലാസിനു വേണ്ട റഫറൻസ്, വായനാ പുസ്തകങ്ങളുടെ ലിസ്റ്റ് തയ്യാറാക്കൽ, ഡിവിഷനുകളെ കുറിച്ച് എണ്ണം തിട്ടപ്പെടുത്തൽ (പാഠസൂത്രണത്തോടനുബന്ധിച്ച്  സബ്ജക്ട് കൗൺസിൽ കൺവീനർമാരുടെ നേതൃത്വത്തിൽ 2026 മാർച്ച് ഏപ്രിൽ മാസങ്ങളിൽ മെയ് മാസങ്ങളിൽ
- വിവിധ  പുസ്തക പ്രസാധകർ, ഏജൻസികൾ, പൂർവവിദ്യാർത്ഥികൾ, ജനപ്രതിനിധികൾ തുടങ്ങിയവരും ആയി ബന്ധപ്പെട്ട ലഭ്യത ഉറപ്പാക്കൽ
- ക്ലാസ് പി.ടി.എ., അധ്യാപകർ, അഭ്യുദയകാംക്ഷികൾ എന്നിവരുടെ സഹായത്തിൽ വിഭവ സമാഹരണവും  പുസ്തക ശേഖരണവും
- ക്ലാസ് ലൈബ്രറി സംവിധാനം ഒരുക്കുന്നതിന് ഓരോ ക്ലാസിലും അലമാര പ്രയോജനപ്പെടുത്തുന്നു (ജൂൺ ജൂലൈ മാസം)
- പിറന്നാളിന് ഒരു പുസ്തകം ലൈബ്രറിക്ക് പരിപാടി അധ്യാപകരും കുട്ടികളും അവരവരുടെ പിറന്നാളിന് ഒരു പുസ്തകം ലൈബ്രറിക്ക് പരിപാടിയുടെ ഉദ്ഘാടനം (2026 ജൂൺ മാസത്തിൽ)

# III. കുട്ടിക്കൊരു പുസ്തകം ബാഗ് ലൈബ്രറി സംവിധാന പ്രവർത്തികമാക്കൽ 2025 നവംബർ മാസം

## ആമുഖം

നിശബ്ദമായ വായനയിലൂടെ കുട്ടികളിൽ വായനാശീലം വർദ്ധിപ്പിക്കാൻ ബാഗ് ലൈബ്രറി സംവിധാനത്തിലൂടെ നടപ്പാക്കാം. എല്ലാ കുട്ടികളുടെയും ബാഗിൽ എപ്പോഴും ഒരു വായന പുസ്തകം ഉണ്ടാകണമെന്ന് ഉറപ്പാക്കുന്നതിന് പ്രാദേശിക വിഭാഗ സമാഹരണത്തിലൂടെ കുട്ടികളിലെ ക്ലാസിലെ കുട്ടികളുടെ എണ്ണത്തിനനുസരിച്ച് പുസ്തകങ്ങൾ ശേഖരിക്കാം.

## ലക്ഷ്യം

2025 നവംബർ 14 ശിശുദിനത്തിൽ പ്രവർത്തനക്ഷമംമാകത്തക്ക വിധത്തിൽ പുസ്തകങ്ങൾ ശേഖരിച്ച് കാര്യക്ഷമമാക്കാം

## പ്രവർത്തനങ്ങൾ

- 2026 ജൂൺ മാസം ആദ്യം പദ്ധതി പ്രഖ്യാപനം നടത്തുന്നു (പൊതു ചടങ്ങിൽ വച്ച്)
- ബാഗ് ലൈബ്രറിയിലേക്ക് എന്റെ വക പുസ്തക സമാഹരണ ക്യാമ്പയിൻ സംഘടിപ്പിക്കുന്നു. (അധ്യാപകർ, കുട്ടികൾ , രക്ഷിതാക്കൾ, വ്യക്തികൾ, സ്ഥാപനങ്ങൾ, പൂർവ്വ വിദ്യാർത്ഥികൾ, എന്നിവരിൽ നിന്നും പുസ്തകങ്ങൾ സ്വീകരിച്ച് പുസ്തക ശേഖരം ഉണ്ടാക്കുന്നു (ആദ്യത്തെ മൂന്ന് അധ്യായന മാസങ്ങളിൽ)
- യു.പി. തലത്തിലുള്ള കുട്ടികൾക്ക് വായിക്കത്തക്ക വിധത്തിലുള്ള പുസ്തകങ്ങൾ ശേഖരിക്കുന്നു.
- ശേഖരിച്ച പുസ്തകങ്ങളുടെ പ്രദർശനം സംഘടിപ്പിക്കുന്നു
- ഓരോ ക്ലാസിലെയും കുട്ടികളുടെ എണ്ണം അനുസരിച്ച് പുസ്തകങ്ങൾ വിതരണം ചെയ്യുന്നു. ഉപയോഗ രീതി പൊതുവായി തീരുമാനിച്ച് അറിയിക്കുന്നു
- 2025 നവംബർ 14 ശിശുദിനത്തിൽ ബാഗ് ലൈബ്രറി സംവിധാനം നടപ്പാക്കിയതിന്റെ പ്രഖ്യാപനം (ചടങ്ങ്)

## മോണിറ്ററി മോണിറ്ററിംഗ്

സംവിധാനം ഫലപ്രദമായി നടപ്പിലാക്കുണ്ടെന്ന് നടപ്പിലാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുക (മാസത്തിലൊരിക്കൽ എ.ച്ച്.എം., എസ്. ആർ. ജി., കൺവീനർ സബ്ജക്ട് കൗൺസിൽ, പി.ടി.എ.)

# IV. വായനാ പരിപോഷണത്തിനുള്ള നൂതനങ്ങളായ പ്രവർത്തനങ്ങൾ ഒരുക്കൽ

## ആമുഖം

വായന പ്രോത്സാഹിപ്പിക്കുന്നതിനും വായിച്ച പുസ്തകങ്ങൾ സംബന്ധിച്ച് അഭിപ്രായങ്ങൾ പ്രകടിപ്പിക്കുന്നതിനും പ്രകാശിപ്പിക്കുന്നതിന് ഉള്ള അവസരങ്ങൾ ഒരുക്കുന്നു. ഡിജിറ്റൽ വായനയ്ക്കും, കുട്ടികളുടെ സർഗാത്മകത രചനകളിൽ വ്യക്തിപ്രഭാതം തിരിച്ചറിയുന്നു.

## ലക്ഷ്യങ്ങൾ

2026 ജൂൺ 19 വായനാദിനത്തിന് മുമ്പുള്ള 5 ദിവസം പുസ്തക പ്രവർത്തനവും വായനോത്സവവും സംഘടിപ്പിക്കുന്നു

## പ്രവർത്തനങ്ങൾ

- വായനാവാരത്തോടനുബന്ധിച്ച് പുസ്തക പ്രദർശനം വിവിധ വിഷയങ്ങളെ അധികരിച്ചുള്ള സെമിനാറുകൾ എന്നിവ സംഘടിപ്പിക്കുന്നു., കുട്ടികൾക്ക് പുസ്തകങ്ങൾ കാണാനും, പരിചയപ്പെടാനും, വായനയുടെ ആസ്വാദന തലം മനസ്സിലാക്കാനും അവസരം.
- ഏറ്റവും കൂടുതൽ പുസ്തകങ്ങൾ വായിച്ച കുട്ടികളെ അസംബ്ലിയിലും പൊതു ചടങ്ങിലും ആദരിക്കുന്നു.
- കുറിപ്പ് തയ്യാറാക്കൽ മത്സരം സംഘടിപ്പിക്കൽ ക്യാമ്പ് അടിസ്ഥാനത്തിൽ സമ്മാനം നൽകൽ
- സമ്മാന കുറിപ്പുകൾ ചേർത്ത് പതിപ്പ് തയ്യാറാക്കൽ
- നവമാധ്യമങ്ങൾ പ്രയോജനപ്പെടുത്തുക

## അമ്മ വായന പരിപോഷിപ്പിക്കൽ

- കുട്ടികളിൽ വായനാശീലം വളർത്തുന്നതിൽ പ്രധാന പങ്ക് വഹിക്കുന്നത് അമ്മമാരാണ്

### പ്രവർത്തനങ്ങൾ

- സ്കൂൾ സന്ദർശന സമയത്തും മറ്റു സമയങ്ങളിലും അമ്മമാർക്ക് വായിക്കാൻ ഒതുങ്ങുന്ന പുസ്തകങ്ങൾ ലൈബ്രറിയിൽ സൂക്ഷിക്കുക.
- ഓരോ ദിവസത്തെയും പത്രങ്ങൾ വായിച്ച് മികച്ച വാർത്തകൾ കണ്ടെത്തുന്നു

# എന്റെ പുസ്തകം, എന്റെ വായന, എന്റെ എഴുത്തുപെട്ടി

സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ നടപ്പിലാക്കിയ എന്റെ പുസ്തകം, എന്റെ വായന എന്റെ എഴുത്തുപെട്ടി എന്ന് പ്രവർത്തനം പബ്ലിക് ലേബറിയും ചേർന്ന് 2025 ഫെബ്രുവരി മാസം മുതൽ നടപ്പിലാക്കി വരുന്നു. ഇടമൺ പബ്ലിക് പബ്ലിക് ലൈബ്രറിയിൽ നിന്നും തിരഞ്ഞെടുത്ത പുസ്തകങ്ങളും സ്കൂൾ ലൈബ്രറിയിലെ പുസ്തകങ്ങളും കുട്ടികൾക്ക് നൽകുന്നു. വായിച്ച പുസ്തകങ്ങളുടെ വായനാക്കുറിപ്പ് കുട്ടികൾ സ്കൂളിൽ വച്ചിരിക്കുന്ന പെട്ടിയിൽ നിക്ഷേപിക്കുന്ന ചുമതലയുള്ള അധ്യാപകർ വായനക്കുറിപ്പ് വായിച്ചു ഒന്നും, രണ്ടു, മൂന്നും സ്ഥാനക്കാരെ തിരഞ്ഞെടുത്തു ഒന്നാം സ്ഥാനക്കാർക്ക് ലൈബ്രറി കൗൺസിൽ നൽകുന്ന സമ്മാനമായ ക്യാഷ് പ്രൈസ് 2,3, സമ്മാനക്കാർക്ക് സ്കൂൾ സ്റ്റാഫുകൾ നൽകുന്ന സമ്മാനങ്ങളും നൽകുന്നു.

## 1. കുസ്യതി കണക്കുകൾ

സ്കൂളിൽ നടത്തുന്ന തനതു പ്രവർത്തനത്തിന്റെ ഭാഗമായി ഗണിതത്തിൽ കൂടുതൽ ആകർഷിക്കുവാനും താല്പര്യം ജനിപ്പിക്കുവാനും കുട്ടിയുടെ യുക്തിചിന്ത വളർത്തുവാനും ഉതകുന്ന കുസ്യതി ചോദ്യങ്ങൾ ആഴ്ചയിൽ ഒരു ചോദ്യം വെച്ച് രണ്ടു ബബിളിലെയും കുട്ടികൾക്ക് പങ്കെടുക്കാൻ അവസരം ഉണ്ടാക്കുകയും അതിനായി ഒരു ബോക്സ് ക്രമീകരിക്കുകയും ചെയ്തു. ഇതിലൂടെ ശരിയുത്തരം എഴുതിയ കുട്ടികളിൽ നിന്നും ഒരു കുട്ടിയ തെരഞ്ഞെടുക്കുകയും ആ കുട്ടിക്ക് സമ്മാനം നല്കുകയും ചെയ്തു വരുന്നു.

## 2. A WORD A DAY 2025 – 26

സ്കൂൾ തനതു പ്രവർത്തനങ്ങളുടെ ഭാഗമായി A WORD A DAY എന്ന പദ്ധതി ആരംഭിച്ചു. കുട്ടികൾക്ക് ഇംഗ്ലീഷ് ഭാഷ അനായാസം കൈകാര്യം ചെയ്യാനും ആവശ്യാനുസരണം വാക്കുകൾ പ്രയോഗിക്കാനും അവരെ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച ഈ പദ്ധതി വളരെ വിജയകരമായി മുന്നോട്ടു പോകുന്നു. 2021 നവംബർ 13 മുതൽ 1–5 വരെയുള്ള ഇംഗ്ലീഷ് ടെക്സ്റ്റ് ബുക്കുകൾ ആദരമാക്കി പ്രായാസമേറിയ വാക്കുകൾ അവയുടെ അർത്ഥം എന്നിവ കണ്ടെത്തി ബുള്ളറ്റിൻ ബോർഡിൽ പ്രദർശിപ്പിക്കുക.

ബോർഡിൽ പ്രദർശിപ്പിക്കുന്നു. തുടർന്ന് കുട്ടികൾ ആ വാക്കുകൾ കൊണ്ട് വാക്യങ്ങൾ നിർമ്മിച്ച് കൊണ്ടുവരുന്നു മികച്ചത് കണ്ടെത്തി സ്കൂൾ അസ്സംബ്ലിയിൽ അവതരിപ്പിക്കുന്നു.

# സസ്യസൗഹൃദം – ജൈവവൈവിധ്യ ഉദ്യാനം

പരിസ്ഥിതിക്ക് അനുകൂലമായ ജൈവവൈവിധ്യത്തെ സംരക്ഷിക്കാനായി സ്കൂളിൽ ഒരു ജൈവവൈവിധ്യ ഉദ്യാനം തയ്യാറാക്കാൻ തീരുമാനിച്ചു.

## ലക്ഷ്യങ്ങൾ

1. കുട്ടികളിൽ പ്രകൃതിസ്നേഹവും ജൈവപാഠങ്ങളും വളർത്തുക.

2. പരിസ്ഥിതി പ്രകൃതിശാസ്ത്ര അധ്യായനത്തിന് സഹായകരമായ ജൈവ പഠന മേഖല ഒരുക്കുക.
3. നാട്ടറിവുകളെയും മുതിർന്നവരുടെ അറിവുകളെയും ഉപയോഗപ്പെടുത്തുക.
4. സ്കൂളും സമൂഹവും തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്തുക.
5. ഡിജിറ്റൽ സാങ്കേതികവിദ്യ ഫലപ്രദമായി ഉപയോഗിക്കാൻ പരിശീലിപ്പിക്കുക.

**ഘട്ടം 1 ( ജൂൺ – സെപ്റ്റംബർ )**

1. ജൈവവൈവിധ്യ ഉദ്യാനത്തിലേക്ക് ഒരുക്കുന്നു ( ജൂൺ) ആവശ്യമായ ചെടികൾ ലിസ്റ്റ് ചെയ്യുന്നു. സ്ഥലം അവശ്യമായ ലിസ്റ്റ് ചെയ്ത സസ്യങ്ങൾ ശേഖരിച്ച് ഉദ്യാന നിർമ്മാണം ആരംഭിക്കുന്നു. ( ജൂലൈ) നിയമ സസ്യങ്ങൾ ശേഖരിച്ചു.
2. ഉദ്യാനത്തിലെ സസ്യങ്ങളെ പരിപാലിക്കുകയും കൂടുതൽ സസ്യങ്ങൾ വെച്ച് പിടിപ്പിക്കുകയും ചെയ്യുന്നു (ഓഗസ്റ്റ്) ഉദ്യാനത്തിൽ വെച്ചുപിടിപ്പിച്ച സസ്യങ്ങളെ ഓരോ ക്ലാസിലെയും കുട്ടികൾ ലിസ്റ്റ് ചെയ്ത് ആൽബം തയ്യാറാക്കാൻ ആരംഭിക്കുന്നു ( സെപ്റ്റംബർ).

**ഘട്ടം 2 ( ഒക്ടോബർ – ഡിസംബർ )**

1. ഉദ്യാനത്തിലെ സസ്യങ്ങളുടെ പ്രാദേശികമായ പേരും ശാസ്ത്രീയ നാമവും ഡിജിറ്റൽ സഹായത്തോടെ കുട്ടികൾ കണ്ടെത്തുന്നു.
2. പ്രാദേശിക നാമവും ശാസ്ത്രീയ നാമവും ഉൾപ്പെടുത്തി നെയിംബോർഡ് തയ്യാറാക്കുന്നു.

**ഘട്ടം 3 ( ജനുവരി– മാർച്ച് )**

1. ഝഞ കോഡ് നിർമ്മാണം – ഓരോ മരത്തെക്കുറിച്ചുള്ള ഡിജിറ്റൽ പേജിലേക്ക് കടക്കാൻ,ക്യു ആർ കോഡ് ഉണ്ടാക്കാൻ കുട്ടികളെ പരിശീലിപ്പിക്കുന്നു.
2. സ്കൂൾ വളപ്പിലെ മരങ്ങളിൽ ആ മരത്തെക്കുറിച്ചുള്ള വിവരങ്ങൾ അടങ്ങിയ ക്യൂ ആർ കോഡ് ലാമിനേറ്റ് ചെയ്ത് സ്ഥാപിക്കുന്നു. സ്കൂളിൽ വരുന്ന ആർക്കും അവരുടെ മൊബൈൽ ഫോൺ ഉപയോഗിച്ച് ഈ കോഡ് സ്കാൻ ചെയ്ത് മരത്തെക്കുറിച്ച് അറിയാൻ സാധിക്കും.
3. സമൂഹത്തിലേക്ക്– ജൈവവൈവിധ്യ ഉദ്യാനത്തിന്റെ പ്രദർശനം സംഘടിപ്പിക്കുന്നു രക്ഷിതാക്കളെയും നാട്ടുകാരെയും പ്രദർശനത്തിലേക്ക് ക്ഷണിക്കുകയും പ്രദേശത്തെ കർഷകരെ ചടങ്ങിൽ ആദരിക്കുകയും ചെയ്യുന്നു.

**നേട്ടങ്ങൾ**

1. കുട്ടികൾക്ക് പഠനം ക്ലാസ് മുറിക്ക് പുറത്തുള്ള ഒരു അനുഭവമായി മാറും.
2. പരിസ്ഥിതി സംരക്ഷണം സ്വന്തം ഉത്തരവാദിത്തമാണ് എന്ന ബോധം ഉണ്ടാകും.
3. ഝഞ കോഡ് നിർമ്മാണംപോലെയുള്ള ഡിജിറ്റൽ കഴിവുകൾ സ്വായത്തമാക്കും.
4. നിരീക്ഷണം വിവരശേഖരണം രേഖപ്പെടുത്തൽ തുടങ്ങിയ പഠനശേഷികൾ വികസിക്കും.
5. സ്കൂളിന് ഒരു സ്മാർട്ട് ബോട്ടാണിക്കൽ ഗാർഡൻ ൽ റാർഡൻ സ്വന്തമാകും.

ഈ പ്രവർത്തനം കുട്ടികളുടെ സമഗ്ര വികസനത്തിന് സഹായിക്കുന്നതും 2025=26 അധ്യയന വർഷത്തിൽ സ്കൂളിന് ഒരു മുതൽക്കൂട്ടായി മാറുകയും ചെയ്യും

# അക്കാദമിക മാസ്റ്റർ പ്ലാൻ മലയാളം

| നം | പ്രോഗ്രാം | ആക്റ്റിവിറ്റി | Duration | ഭൗതീകം | പിന്തുണ |
|---|---|---|---|---|---|
| 1. | ഭാഷാപരമായ പിന്നോക്ക അവസ്ഥ പരിഹരിക്കൽ | 1.പ്രീ ടെസ്റ്റ് 2025 ജൂൺ<br><br>2.അക്ഷരം ഉറപ്പിക്കൽ<br><br>3.അടയാളം ഉറപ്പിക്കൽ<br><br>4.അക്ഷര കാർഡ് നൽകൽ<br>5.വാക്കുകൾ നിർമിക്കൽ<br><br>6.വാക്കുകൾ എഴുതിയ കാർഡ്<br><br>7.വാക്യങ്ങൾ നിർമ്മിക്കൽ<br><br>8.ചിത്രം അടിക്കുറിപ്പ്, കഥ പറയൽ, കഥയെഴുതൽ,<br>9.കഥാപുസ്തകം നൽകൽ<br><br>10.സീഡിയിൽ ഒരു ചിത്രം നൽകി വാക്യങ്ങൾ എഴുതൽ<br>11.ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം ക്ലാസ്സ് | 2025 ജൂൺ<br><br>ജൂലൈ | | B.R.C.<br><br>DIET S.R.G.<br><br>P.T.A., M.P.T.A |

| നം | പ്രോഗ്രാം | ആക്റ്റിവിറ്റി | Duration | ഭൗതീകം | പിന്തുണ |
|---|---|---|---|---|---|
| 1. | കുട്ടിയെ മികച്ച വായനക്കാരൻ ആക്കുക | 1.ക്ലാസ് വായനാക്കൂട്ടം രൂപീകരിക്കൽ<br>2.വായനാമൂല, ക്ലാസ് ലൈബ്രറി രൂപീകരിക്കൽ<br>3.സ്കൂൾ ലൈബ്രറി രൂപീകരിക്കൽ<br>4.സമീപ ഗ്രന്ഥശാല അംഗത്വം<br>5.പത്രവായന<br>6.അമ്മവായന<br>7.പുസ്തകചർച്ച<br>8.വായനാക്കുറിപ്പ് പതിപ്പ് നിർമ്മാണം<br>9.വിദ്യാരംഭം കലാസാഹിത്യ വേദി പ്രവർത്തനം<br>10.ദിനാചരണങ്ങൾ<br>11.ആനുകാലിക പ്രസിദ്ധീകരണങ്ങളും വായനയും<br>12.പത്രവായന<br>13.ആസ്വാദകരമായ വായന<br>14.വായനകൂട്ടം മോണിറ്ററിംഗ്<br>15.എൻറെ പുസ്തകം എൻറെ വായന എൻറെ എഴുത്തുപെട്ടി<br>16.ക്ലാസ് പത്രനിർമ്മാണം | ജൂൺ മുതൽ<br>ജൂലൈ മുതൽ<br>ജൂലൈ | ക്ലാസ് ലൈബ്രറി<br>സ്കൂൾ ലൈബ്രറി<br>ഗ്രന്ഥശാല<br>പത്രങ്ങൾ<br>ആനുകാലിക പ്രസിദ്ധീകരണങ്ങൾ | B.R.C.<br>DIET<br>SCERT<br>P.T.A.<br>M.P.T.A |

| നം | പ്രോഗ്രാം | ആക്റ്റിവിറ്റി | Duration | ഭൗതീകം | പിന്തുണ |
|---|---|---|---|---|---|
| 1. | കുട്ടിയെ മികച്ച എഴുത്തുകാരൻ ആക്കുക (എഴുത്തു കൂട്ടം) | 1.എഴുത്തുകൂട്ട രൂപീകരണം<br>2.വ്യക്തിഗതരചന, സങ്കരചന<br>3.പൊതുവേദികളിൽ സംസാരിക്കുവാനുള്ള കഴിവ്<br>4.രജയിതാക്കളെ പരിചയപ്പെടുത്തൽ<br>5.പതിപ്പ് തയ്യാറാക്കൽ<br>6.വായനാക്കുറിപ്പ് ആസ്വാദനക്കുറിപ്പ്<br>7.വിദഗ്ധരുമായി സംവാദം, അഭിമുഖം<br>8.പുസ്തക ചർച്ച<br>9.ക്ലാസ് ലൈബ്രറി | 6മാസം<br>ജൂൺ മുതൽ ആഗസ്റ്റ്<br>1വർഷം<br>6മാസം | ലൈബ്രറി<br>പുസ്തകങ്ങൾ<br>ജീവചരിത്ര പുസ്തകങ്ങൾ | ടീച്ചേഴ്സ്<br>P.T.A.<br>B.R.C.<br>ജനപ്രതിനി |

## ഭാഷ

ഭാഷാപരമായ പിന്നാക്ക അവസ്ഥ പരിഹരിക്കാൻ (മലയാളത്തിളക്കം,ശ്രദ്ധ) മികച്ച വായനക്കാരൻ (വായനക്കൂട്ടം) മികച്ച എഴുത്തുകാരൻ (എഴുത്തുകൂട്ടം)

വായിച്ചു വളരുക ചിന്തിച്ച് വിവേകം നേടുക എന്ന മഹത്വവചനത്തിനു വേണ്ടി വിദ്യാർത്ഥി സമൂഹത്തെ വായനയുടെയും എഴുത്തിന്റെയും പാതയിലേക്ക് നയിക്കുവാൻ ഒരു മഹത് സംരംഭം വിദ്യാലയത്തിലെ മുഴുവൻ വിദ്യാർഥികളെയും മികച്ച വായനക്കാരാക്കുക ഒപ്പം, മികച്ച എഴുത്തുകാരാക്കുക ഈ ലക്ഷ്യം നേടുന്നതിനായി പിന്നോക്കം നിൽക്കുന്നവരെ കൂടി മുൻധാരയിൽ എത്തിച്ചു വായനയും എഴുത്തും ഒരു നവ്യ അനുഭവമാക്കി വിദ്യാലയത്തെ ഒരു സർഗ്ഗ പ്രപഞ്ചം ആക്കി മാറ്റുവാനുള്ള നൂതന സംരംഭം 2025-26 അധ്യായന വർഷം ഇടമൺ യുപി സ്കൂളിൽ ബിആർസിയുടെയും ഡി.ഐ.ഇ യുടെയും സഹകരണത്തോടെ ഏറ്റെടുക്കുന്ന പ്രോജക്റ്റ്.

## ലക്ഷ്യങ്ങൾ

- എല്ലാവർക്കും എഴുത്തും വായനയും
- വായനക്കൂട്ടം എഴുത്തുകൂട്ടം
- അമ്മ വായന
- ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി
- ഗ്രന്ഥശാല അംഗത്വം
- വായനയുടെ വിവിധ തലങ്ങൾ പരിചയപ്പെടൽ
- വായന സാമഗ്രികൾ കണ്ടെത്തുക, വികസിപ്പിക്കുക
- ദിനാചരണവുമായി ബന്ധപ്പെട്ട എഴുത്തിന്റെയും വായനയുടെയും സാധ്യത കണ്ടെത്തുക.
- ദിനാചരണവുമായി ബന്ധപ്പെട്ട് എഴുത്തിന്റെ വിവിധ തലങ്ങൾ പരിചയപ്പെടുക.
- സാഹിത്യകാരന്മാരുമായുള്ള സംവാദം, അഭിമുഖം എന്നിവ സംഘടിക്കൽ.
- ഭാഷയുമായി ബന്ധപ്പെട്ട സി.ഡി., ഐ.സി.ടി. സാധ്യത എന്നിവ സജ്ജീകരിക്കൽ.

## പ്രവർത്തനങ്ങൾ

### 1. മലയാളത്തിളക്കം പ്രീടെസ്റ്റ്

പ്രീടെസ്റ്റ് നടത്തി പിന്നോക്കക്കാരെ കണ്ടെത്തി

### 2. അക്ഷരം ഉറപ്പിക്കൽ ഒരു മാസം

ചിത്രങ്ങളിലൂടെ മലയാള അക്ഷരങ്ങൾ ഉറപ്പിക്കുന്നു

### 3. അടയാളങ്ങൾ ഉറപ്പിക്കൽ

ചിത്ര സഹായത്താൽ അടയാളങ്ങൾ, ചിഹ്നങ്ങൾ എന്നിവ ഉറപ്പിക്കൽ

### 4. അക്ഷര കാർഡ്, വാക്കുകൾ എഴുതിയ കാർഡ്

അക്ഷര കാർഡുകളിലൂടെ വാക്കുകൾ രൂപീകരിക്കൽ, വാക്കുകളിലൂടെ വാക്യങ്ങൾ രൂപീകരിക്കൽ

## 5. ചിത്രം – അടിക്കുറിപ്പ്

ചിത്രം നൽകി അടിക്കുറിപ്പ് പറയിക്കൽ, അധ്യാപകരുടെ സഹായത്തോടെ എഴുതൽ

## 6. കഥ – ബാക്കി പറയൽ – എഴുതൽ

ഒരു കഥയുടെ കുറച്ചുഭാഗം നൽകുന്നു ബാക്കി പറയിപ്പിക്കുന്നു, എഴുതുന്നു

## 7. കഥാപുസ്തകം നൽകൽ

വായന, കുറിപ്പ് തയ്യാറാക്കൽ

## 8. സിഡി പ്രദർശനം

ചിത്രങ്ങൾ അടങ്ങിയ സിഡി പ്രദർശിപ്പിക്കുന്നു ഓരോ ചിത്രത്തെയും കുറിച്ച് പറയാൻ അവസരം,എഴുതാൻ അവസരം

## 9. ഭിന്നശേഷിക്കാരെ പരിഗണിക്കൽ

10ഭിന്നശേഷിക്കാർക്ക് പ്രത്യേകം പ്രവർത്തന പാക്കേജ് ശാലറ അധ്യാപകരുടെ സേവനം

## 10. ക്ലാസ് വായനാക്കൂട്ടം രൂപീകരിക്കൽ

ക്ലാസിലെ മുഴുവൻ കുട്ടികളെയും അഞ്ചു പേർ അടങ്ങുന്ന ഗ്രൂപ്പ് ആക്കുന്നു. ഓരോരുത്തർക്കും പുസ്തകം വായിക്കാൻ അവസരം നൽകുന്നു, വായനക്കുറിപ്പ് തയ്യാറാക്കുന്നു

## 11. സ്കൂൾ ലൈബ്രറി നവീകരണം

ലൈബ്രറി നവീകരണം, പുസ്തക വിതരണ രജിസ്റ്റർ, പുസ്തകവിതരണം, ജന്മദിന പുസ്തകശേഖരണം

## 12. പത്രവായന

വിവിധ പത്രങ്ങൾ ക്ലാസിൽ ലഭ്യമാക്കൽ, പത്ര ക്വിസ്, വാർത്താ തയ്യാറാക്കൽ പുതിയ അറിവ് കണ്ടെത്താൻ.

## 13. വായനാക്കുറിപ്പ്

ഓരോ പുസ്തക വായനയുടെയും കുറുപ്പ് ശേഖരിക്കുന്നു, ആവശ്യമായ കൂട്ടിച്ചേർത്തുക്കൾ നടത്തുന്നു., പതിപ്പ് പ്രകാശനം

## 14. വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനം

വായന, എഴുത്ത് മെച്ചപ്പെടാൻ വേണ്ട പ്രവർത്തനങ്ങൾ ആസൂത്രണം, പാഠ്യ ഭാഗവുമായി ബന്ധപ്പെട്ടവ, സ്വന്തം സൃഷ്ടികൾ എന്നിവ പരിചയപ്പെടുത്തുവാൻ അവസരം–വിവിധ മത്സരങ്ങൾ സംഘടിപ്പിക്കൽ.

## 15. ദിനാചരണങ്ങൾ

എഴുത്തും വായനയും പ്രോത്സാഹിപ്പിക്കുന്നതിന് ദിനാചരണങ്ങളുമായി ബന്ധപ്പെട്ട നിരവധി പ്രവർത്തനങ്ങളും മത്സരങ്ങളും സംഘടിപ്പിക്കുന്നു

## 16. വായനക്കൂട്ടം എഴുത്തുകൂട്ടം മോണിറ്ററിംഗ്

അധ്യാപകർ, കുട്ടി പ്രതിനിധികൾ, രക്ഷിതാക്കൾ, ബി.ആർ.സി.

## 17. പൊതുവേദിയിലെ പ്രകടനങ്ങൾ

കുട്ടികളുടെ ഭയം, സഭാകമ്പം, എന്നിവ മാറ്റിയെടുക്കാൻ അസംബ്ലി, ക്ലബ്ബ്, സർഗ്ഗ വേള എന്നിവ സംഘടിപ്പിക്കുന്നു. എല്ലാവർക്കും അവസരം നൽകുന്ന സ്വന്തം സൃഷ്ടികൾ അവതരിപ്പിക്കാൻ അവസരം

## 18. വ്യക്തിഗതരചന സംഘരചന

കുട്ടികളുടെ സർഗ്ഗസൃഷ്ടി വർദ്ധിപ്പിക്കാൻ നിരവധി രചന മത്സരങ്ങൾ സംഘടിപ്പിക്കുന്നു., വിലയിരുത്തൽ

## ഭാഷ

### മുഖ്യ ലക്ഷ്യങ്ങൾ

- എല്ലാ കുട്ടികളും അവർ പഠിക്കുന്ന ക്ലാസിനനുസരിച്ച് നിലവാരം അനുസരിച്ചും ഭാഷയിൽ ഉയർന്ന ശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുന്നു.
- ഭാഷ വായിക്കുവാനും, എഴുതാനുമുള്ള ശേഷി നേടുന്നു.
- സംസാരശേഷി വർദ്ധിപ്പിക്കുന്നു
- മൂന്നു വർഷത്തിനുള്ളിൽ സ്കൂൾ വിട്ട് പുറത്തുവരുന്ന മുഴുവൻ കുട്ടികളും മലയാളം, ഇംഗ്ലീഷ്, ഹിന്ദി എന്നീ ഭാഷകളിൽ അനായാസം ആശയവിനിമയം നടത്തുന്നതിന് പ്രാപ്തരാകും.
- മൂന്നു വർഷത്തിനുള്ളിൽ ഓരോ കുട്ടിയും തന്റെ ആവശ്യങ്ങൾ, താല്പര്യങ്ങൾ, അഭിലാഷങ്ങൾ എന്നിവ പറഞ്ഞു എഴുതിയും പ്രകടിപ്പിക്കുന്നതിന് പ്രാപ്തരാകും.

### ഉപലക്ഷ്യങ്ങൾ

- ഓരോ യൂണിറ്റുമായി ബന്ധപ്പെട്ട് ഗ്രാമ സമഗ്രാസൂത്രണം, പഠനാസൂത്രണം എന്നിവ സമയബന്ധിതമായി പൂർത്തിയാക്കാം.
- എല്ലാ കുട്ടികൾക്കും എഴുത്തും വായനയും ഉറപ്പുവരുത്തും
- വായനാ പരിപോഷിപ്പിക്കുന്നതിന് വേണ്ടി വിവിധ അവസരങ്ങൾ ഒരുക്കും (ലൈബ്രറി ശാസ്ത്രീകരണം)
- വിവിധ ക്ലാസുകളിൽ ഓരോ യൂണിറ്റിന്മേലുള്ള സർഗാത്മകത പ്രകടനത്തിനുള്ള അവസരം ഉണ്ടാക്കും.
- ആശയപ്രകടനത്തിനും ആവിഷ്കാരത്തിനും വൈവിധ്യ അവസരങ്ങൾ ഒരുക്കും. (പദകാർഡുകൾ, വാക്കളരി, പത്രവായന, കയ്യെഴുത്തു പ്രതികൾ)
- സ്കൂൾ ലൈബ്രറി സംവിധാനം ആകർഷകമാക്കി പുസ്തകങ്ങളുടെ ഉപയോഗം ഫലപ്രദമാകും
- ക്ലാസ് ലൈബ്രറി നവീകരിക്കും
- കുട്ടിക്ക് ഒരു പുസ്തകം പദ്ധതി / ബാഗ് ലൈബ്രറി നടപ്പിലാക്കും
- വായന പരിപോഷിപ്പിക്കുന്നതിന് നൂതനങ്ങളായ പ്രവർത്തനങ്ങൾ ഒരുക്കും.
- അമ്മ വായന പരിപോഷണത്തിനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കും

# English Language Education

| AIM | ACTIVITIES | MONTH |
|---|---|---|
| **To encourage Listening & Speaking Introduce different genres (Fiction Non Fiction Poetry)**<br>**Enhance Listening Skills**<br>**To encourage reading Devolop basic reading writing listening and Speaking**<br><br>**Culture effective Communication skills for various contents**<br>**To develop writing Skills Introduce** | **Inteactive story telling session's diacussing Themes, Charectors and plots to enhance listening skills group discussions and role plays to improve speaking skills.**<br><br>**Vocabulary games and excercies to build word knowledge**<br><br>**Insteractive Reading Circles**<br>**Divide Students into small groups and provide them with age appropriate texts such as short stories or expert from novels**<br><br>**Each group reads the assigned text together and discusses key elements like yurns reading aloud and share their interpretaions and reactions to the text.**<br><br>**After discussions each group presents a summary or analysis of their assigned text to the class**<br><br>**Guided reading sessions with comprehension qustions**<br>**Listening comprehension ocurise using audio stories**<br><br>**Debates and presentations for advanced speaking practice**<br>**Expanding vocabulary with context dues from** | **June**<br><br><br><br><br><br><br><br><br><br><br><br><br><br><br><br><br><br>**July** |

| | | |
|---|---|---|
| **To develop writing skills Introduce grammatical concept such as part of speech tenses and sentence structure**<br>**To develop basic grammar rules**<br>**Focus on sentence structure punchuation and grammar.** | **passage**<br><br>**Improve Sentence Structure**<br>**Practice for simple creative writing taskes like descriptive paragraphs short stories and simple poetry**<br>**Project and research Assignments to froster critical thinking**<br>**Focus on development pharagraphs and essays**<br>**Teach persuasive writing techniques and argumentaion.**<br>**Preparing and development speaches listening to and analyzing different media sources**<br><br>**Itneractive grammar games structure, grammar lessons with practice exercises worksheets on part of speech punctuation and sentence types.**<br><br>**Inteagrate Language games and activities to renjore vocabulary grammar and language skills in an engaging way.**<br><br>**For examples play word association games characless or vocabulary to practice new words and concepts**<br><br>**To create their own poems, stories dictionary etc. and precent in to the clear.**<br><br>**Recognize and accommodate the diverse learning needs of students through differential instructions including accomodations for specially abled students and gifted leaners** | **August – December**<br><br>**January – February** |

| | | |
|---|---|---|
| **Differentiation and Support** | **Offer opportunities for enrichment and extrion activities to exland learning beyond the core curriculum and cater to student's intrests and strengths.**<br><br>**Collaborative with learning support specialists language teachers and other support staff to ensure inclusive practies and provide targeted support for students with specific learning needs**<br><br>**Design a range of assessment tasks and tools to mesure students, language proficiency comprehension and writing skills including formative and summative assessments**<br><br>**Use a veriety of assessment methods such as quizzes lests essays, pressentaions projects and performance task to assess difrent aspect of language learning**<br><br>**Showcase students and parents writing through publications newsletter or school wide writing and anthologies to celebrate their achievement and poster a culture of writing**<br><br>**Encourage parets with expertise in English language teaching acquisition to share their knowledge and skills with students and teachers.** | **Throughut the year** |

# അക്കാദമിക് മാസ്റ്റർ പ്ലാൻ ഹിന്ദി

| നം | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|---|
| 1. | **5, 6, 7 ക്ലാസ് അക്ഷരബോധം ഉറപ്പിക്കൽ** ഹിന്ദി ഭാഷ ഇഷ്ടപ്പെടാനും അക്ഷരങ്ങളെ പരിചയപ്പെടാനും അവസരം ഒരുക്കുക. | പുതിയ പദങ്ങൾ, പദ്യങ്ങൾ എന്നിവ ചൊല്ലി അതിൽ വരുന്ന ഹിന്ദി അക്ഷരങ്ങളെ മനസ്സിലാക്കി കൊടുത്തു പഠിപ്പിക്കുന്നു. ചിത്രങ്ങൾ അക്ഷരമാല ചാർട്ട് അക്ഷരവീഡിയോ എന്നിവയിലൂടെ അക്ഷരങ്ങളെ പരിചയപ്പെടുത്തുന്നു. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപിക |
| 2. | **ഹിന്ദി വായന** തെറ്റുകൂടാതെ വായിക്കുവാനുള്ള പരിശ്രമം ഒരുക്കും | നിരന്തര വായന നടത്തും, വിവിധതല തരത്തിലെ വർക്ക് ഷീറ്റുകളുടെയും, മറ്റു ഹിന്ദി വായന സാമഗ്രികൾ വഴിയും വായന നടത്തും, വായനാ മത്സരം സംഘടിപ്പിക്കും ക്ലാസ് തല സ്കൂൾതലം തുടങ്ങിയവ | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപിക |
| 3. | **ഹിന്ദി സംസാരം** ഹിന്ദി കേട്ടാൽ മനസ്സിലാക്കാനും തിരിച്ചു ഹിന്ദി ഭാഷയിൽ പ്രതികരിക്കാനും തയ്യാറാകും | ക്ലാസിൽ സന്ദർഭങ്ങളിലും ടീച്ചർ ഹിന്ദി മാത്രം സംസാരിക്കും . ചെറിയ ചെറിയ ചോദ്യങ്ങൾക്ക് ഹിന്ദിയിൽ തന്നെ ഉത്തരം പറയിപ്പിക്കുന്നു. ഹിന്ദി വീഡിയോകൾ കാണിച്ച് സംസാരശേഷി വളർത്താനുള്ള സാഹചര്യം ഒരുക്കുന്നു | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപിക |

# മേഖല യു.പി. സാമൂഹികശാസ്ത്രം

| നം | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1. | സാമൂഹികശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ ആശയങ്ങൾ എന്നിവ പരിശോധിക്കാൻ നടപടിയെടുക്കൽ | **അംഗത്തട്ട് കളരിയിൽ നിന്നും കാര്യത്തിലേക്ക്**<br>സാമൂഹികശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാനതല അറിവ് പരീക്ഷിക്കുന്നതിന് ഓരോ പഠിതാവിനും നൽകുന്നു<br><br>**ഓർമ്മച്ചെപ്പ്**<br>അന്തർദേശീയതലം മുതൽ ജില്ലാതലം വരെയുള്ള നദികൾ ഭൂപകൃതി തലസ്ഥാനങ്ങൾ വൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ആസ്വാദമാക്കി ഐസിടി സാധ്യതകളും ഉപയോഗിച്ച് മെമ്മറി ടെസ്റ്റ് നടത്തുന്നു | അക്കാദമിക വർഷം (ജൂൺ)<br><br><br><br><br>അക്കാദമിക വർഷം (ജൂൺ) | സാമൂഹ്യ ശാസ്രത അധ്യാപകർ | |
| 2. | പഠിതാക്കളെ ചരിത്രാവബോധമുള്ളവരാക്കി മാറ്റിയെടുക്കുക | **വെർച്ചൽ ഫീൽഡ് ട്രിപ്പ്**<br>ഐ.സി.ടി. സാധ്യതകൾ ഉപയോഗിച്ച് ലോകത്തിലെ ചരിത്രപ്രധാനമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച | അക്കാദമിക വർഷാരഭം | | |

| | | | | | |
|---|---|---|---|---|---|
| | | കുട്ടികളിൽ ചരിത്രവബോധം വളർത്തുന്നു | | | |
| 3. | ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക | **വിദ്യാലയത്തിൽ നിന്ന് അരങ്ങത്തേക്ക്** ഗ്രാമസഭ വാർഡ് സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത ജനാധിപത്യരീതിയുടെ അടിസ്ഥാനതലം മനസ്സിലാക്കുന്നു | അക്കാദ മിക വർഷാ രഭം | | |
| 4. | പ്രകൃതി ദുരങ്ങളെക്കുറിച്ച് മനസ്സിലാക്കി രക്ഷാപ്രവർത്തനങ്ങൾ ഏർപ്പെടാൻ പഠിതാക്കളെ ബോധവാന്മാരാക്കുക | **പ്രകൃതി താണ്ഡവം : നേർക്കാഴ്ച** ഭൂകമ്പം സുനാമി കൊടുങ്കാറ്റ് വെള്ളപ്പൊക്കം ഉരുൾപൊട്ടൽ എന്നിവയുടെ ഭീതിജനകമായ ദൃശ്യങ്ങളിലൂടെ പ്രകൃതിദുരന്തങ്ങളുടെ തീവ്രതയെക്കുറിച്ച് മനസ്സിലാക്കുകയും അഗ്നിശമനസേന ഉദ്യോഗസ്ഥരെ സഹായത്തോടെ ഡെമോൺസ്ട്രേഷൻ ക്ലാസുകൾ സംഘടിപ്പിക്കുകയും രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് പഠിതാക്കളെ ബോധവാന്മാരാക്കുകയും ചെയ്യുന്നു. | അക്കാദ മിക വർഷാ രഭം | | |
| 5. | സഹജീവികളോട് സമഭാവന വളർത്തിയെടുക്കുവാൻ പ്രോത്സാഹിപ്പിക്കുന്നു | **നന്മയുടെ നുറുങ്ങുവെട്ടം** പ്രകൃതി ദുരന്തങ്ങളിൽ സംഭവിച്ച സ്ഥലങ്ങൾ ഇരകളായ വ്യക്തികൾ എന്നിവരെ സന്ദർശിച്ച വിദ്യാർഥികൾക്ക് അവരൽ കഴിയുന്ന സേവനം ചെയ്യുവാൻ അവസരം നൽകുന്നു മിതവ്യാ ശീലത്തിന്റെ ഭാഗമായി കുട്ടികൾ സാമഗ്രികൾ ദുരന്തബാധിത പ്രദേശങ്ങളിൽ ആശ്വാസമാക്കുന്നു | അക്കാദ മിക വർഷം | | പി.ടി.എ. |

| | | | | | |
|---|---|---|---|---|---|
| 6. | വിവര വിനിമയ സാങ്കേതികവിദ്യയുടെ ദുരുപയോഗങ്ങളെക്കുറിച്ചും ക്രിമിനൽ പ്രവർത്തനങ്ങളെക്കുറിച്ചും റോഡ് സുരക്ഷയെ കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നു | **ചിലന്തി വലയിൽ നിന്നും കുതിച്ചുചാട്ടം** സാമൂഹികശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷാ ഉദ്യോഗസ്ഥരുടെയും ട്രാഫിക് പോലീസിന്റെയും സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും റോഡ് സുരക്ഷ സൈബർ കുറ്റകൃത്യം എന്നീ വിഷയങ്ങളിൽ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു | അക്കാദമിക വർഷം | | |
| 7. | സുസ്ഥിര വികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നു | **മക്കളെ കാടെവിടെ മക്കളെ ഫീൽഡ് ട്രിപ്പ് സർവ്വേ** പരിസ്ഥിതി ചർച്ചയ്ക്ക് കാരണമാകുന്ന മനുഷ്യന്റെ ഇടപെടലുകൾക്ക് വിധേയമായ കാവുകൾ കണ്ടൽക്കാടുകൾ തണ്ണീർത്തടങ്ങൾ ജലാശയങ്ങൾ കാർഡുകൾ എന്നിവ സന്ദർശിച്ച് സർവ്വേ നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നു | അക്കാദമിക വർഷം | | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് |
| 8. | സാമൂഹികശാസ്ത്ര വിഷയങ്ങളിലൂടെ പഠിതാക്കളെ അന്തർദേശീയ നിലവാരത്തിലേക്ക് എത്തിക്കുന്നു | **പുതു ചക്രവാളത്തിലേക്ക്** സിവിൽ സർവീസ് പരീക്ഷകൾ എഴുതുവാൻ പ്രാപ്തി നേടും വിധം അറിവിന്റെ മാസ്മരിക ലോകം സൃഷ്ടിക്കുന്ന മത്സരബുദ്ധിയോടെ പൊതുവിജ്ഞാനം വളർത്താൻ സഹായിക്കുന്ന ഉത്തരങ്ങൾ നിമിഷനേരം കൊണ്ട് കൊണ്ടെന്ന് രീതിയിലുള്ള ചോദ്യത്തിന് വില ക്ലാസുകൾ എന്നിവ സംഘടിപ്പിക്കുന്നു | അക്കാദമിക വർഷം | | |

# മേഖല യു.പി. ഗണിതം

| നം | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1. | അടിസ്ഥാന ഗണിതക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പുവരുത്തുന്നു. | ഗണിത ശില്പശാലകളിലൂടെ അടിസ്ഥാനക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു നമ്പർ കാർഡ്, മഞ്ചാടിക്കുരു, മുത്തുകൾ, ഫ്ലാഷ് കാർഡ് ഉപയോഗിക്കുന്നു. | ജൂൺ മാസം | ഗണിത അധ്യാപ കൻ | |
| 2. | ഗണിത പ്രവർത്തനങ്ങൾ സുഗമമാക്കൽ | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിത ലാബ് സജ്ജമാക്കൽ., ലാബിൽ വച്ച് ഗണിത ക്ലാസ് നടത്തൽ | ആവശ്യാനുസരണം | ഗണിത അധ്യാപക രും ക്ലബ്ബിലെ അംഗങ്ങ ളും | |
| 3. | ഗണിത മേഖലയിൽ കുട്ടികളുടെ താല്പര്യം വർധിപ്പിക്കൽ | പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് താല്പര്യമുണ്ടാകുന്ന രീതിയിൽ ക്ലാസുകൾ കൈകാര്യം ചെയ്യുന്നു. | വർഷത്തിൽ നാലോ, അഞ്ചോ തവണ | ഗണിത അധ്യാപകർ, ക്ലബ്ബ് ലീഡർമാർ | |
| 4. | ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു. | ഐടി സാധ്യതകളിലൂടെ ജാമിതീയ രൂപങ്ങൾ, ചതുഷ്ക്രിയകൾ, ടാൻഗ്രാം ഇതുപോലുള്ള പ്രവർത്തനങ്ങൾ ഐടി സാധ്യതകൾ | മാസത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |

| | | | | | |
|---|---|---|---|---|---|
| | | ഉപയോഗപ്പെടുത്തിക്കൊണ്ട് കുട്ടികളിലേക്ക് എത്തിക്കുവാൻ എളുപ്പത്തിൽ കഴിയുന്നു. | | | |
| 5. | ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തിക്കുന്നു. | ഗണിത ക്ലിനിക്ക് ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗ്ഗദർശങ്ങൾ. നൽകുന്നു പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. | ആഴ്ചയിൽ ഒരു പിരീഡ് | ഗണിത അധ്യാപകരും, സമർത്ഥരായ മറ്റു കുട്ടികളും | |
| 6. | വിവിധ ശേഷികളുടെ വികസനം. | ദിനാചരണം ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ എസ്.ആർജി രൂപപ്പെടുത്തുന്നു നിശ്ചിത ദിവസങ്ങൾക്കുള്ളിൽ അവ സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം | എസ്.ആർ.ജി. | |

# മേഖല യു. പി. ശാസ്ത്രം

| നം | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|---|
| 1. | വിദ്യാർത്ഥികളിൽ ക്ലാസിൽ ശാസ്ത്രീയ മനോഭാവം വളർത്തുക. | സയൻസ് തിയേറ്റർ– ശാസ്ത്ര ആശയങ്ങൾ നാടക രൂപത്തിൽ അവതരിപ്പിക്കുന്നു. 2025–26 അദ്ധ്യായന വർഷം 5 ശാസ്ത്ര നാടകങ്ങൾ ലക്ഷ്യമിടുന്നു. | ജൂൺ മുതൽ ഫെബ്രുവരി വരെ | ശാസ്ത്ര ക്ലബ്ബ് |
| 2. | വിദ്യാർത്ഥികളിൽ ക്ലാസിൽ ശാസ്ത്രീയ മനോഭാവം വളർത്തുക. അടിസ്ഥാന ശാസ്ത്ര വിഷയങ്ങളിലേക്കുള്ള ആസ്വാദന ബോധവും ആർജ്ജവമുള്ള പഠനവും പ്രോത്സാഹിപ്പിക്കുക. | മീറ്റ് സൈന്റിസ്റ്റ്– 2025– 26 അധ്യയന വർഷം 30 ശാസ്ത്രജ്ഞരെ പരിചയപ്പെടുത്തുകയും ഒരു പുസ്തകം തയ്യാറാക്കുകയും ചെയ്യാൻ ഉദ്ദേശിക്കുന്നു. | ജൂൺ മുതൽ ഡിസംബർ വരെ | ശാസ്ത്ര അധ്യാപകർ ശാസ്ത്ര ക്ലബ്ബ് |
| 3. | ദേശീയ വിദ്യാഭ്യാസം നേരത്തെ അനുസരിച്ചുള്ള ശാസ്ത്രീയ നവീകരണം. | ശാസ്ത്രം വഴി അനുഭവിച്ച ഒരു അനുഭവം കുട്ടികൾ എഴുതി അവതരിപ്പിക്കുന്നു. | ജൂൺ | ശാസ്ത്ര അധ്യാപകർ |
| 4. | ഗവേഷണവും നൂതന വിദ്യകളും പ്രോത്സാഹിപ്പിക്കുക. | ശാസ്ത്ര ലാബ് നവീകരണം. | ജൂൺ, ജൂലൈ | ശാസ്ത്ര അധ്യാപകർ |
| 5. | കുട്ടികളിൽ ശാസ്ത്രീയ ചിന്തയും അന്വേഷണ മനോഭാവവും വളർത്തുക. | Communication and visualisation skills വിദ്യാർത്ഥികൾക്ക് ശാസ്ത്രീയ വാക്കുകൾ മൈ ചെയ്യാൻ നിർദ്ദേശിക്കുക. മറ്റ് അംഗങ്ങൾ അത് അറിയാൻ ശ്രമിക്കും (Photosynthesis, Erosion, Etc..) | ആഗസ്റ്റ്, സെപ്റ്റബർ | ശാസ്ത്ര അധ്യാപകർ ശാസ്ത്ര ക്ലബ്ബ് |
| 6. | ഉപയോഗ പ്രദവും അനുഭവ പൂർണ്ണവുമായ പഠന പരിപാടികൾ വഴി ശാസ്ത്ര വിഷയങ്ങൾ ആനന്ദകരമാക്കുക. | Concept recall through clues- പഠിച്ച പാഠങ്ങളിൽ ഉള്ള ഘടകങ്ങൾ സൂചനകളായി കൊടുത്തത ക്ലാസ് റൂമിൽ ഹണ്ട് സംഘടിപ്പിക്കുക<br>ഉദാ ഞാൻ രാസവസ്തുവാണ്, ആസിഡല്ല, | ഒക്ടോബർ, നവംബർ | കുട്ടികൾ |

| | | | | |
|---|---|---|---|---|
| | | ജ്വലിക്കുന്നതും അല്ല– ആരാണ് ഞാൻ (Salt) | | |
| 7. | പരിസ്ഥിതി, ആരോഗ്യം, സുസ്ഥിരത എന്നിവയെ കുറിച്ചുള്ള ശാസ്ത്രീയ ബോധം വളർത്തുന്നു. | പഠനയാത്രകൾ സംഘടിപ്പിക്കുന്നു. | ഡിസംബർ | ശാസ്ത്ര അധ്യാപകർ |
| 8. | നാഷണൽ സയൻസ് ഡേ, സയൻസ് ക്വിസ്, പ്രോജക്ട് ബേസ്ഡ് ലേണിങ് എന്നീ വഴി ഉത്സാഹം വർദ്ധിപ്പിക്കുന്നു. | പ്രധാന ദിനാചരണങ്ങളോടനുബന്ധിച്ച് ക്വിസ് മത്സരങ്ങൾ സംഘടിപ്പിക്കുന്നു, മത്സരബുദ്ധിയോടെ പൊതുവിജ്ഞാനം വളർത്താൻ സഹായിക്കുന്നു. അന്വേഷണാത്മക പഠന സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ശാസ്ത്ര അധ്യാപകർ ശാസ്ത്ര ക്ലബ്ബ് |
| 9. | ഐസിടി ഓഡിയോ വിഷ്വൽ സിമുലേറ്റർ മെത്തേഡ് തുടങ്ങിയ പുതുതലമുറ പഠനോപാധികൾ ഉപയോഗപ്പെടുത്തുക. | ICT സാധ്യതകളുപയോഗിച്ച് ശാസ്ത്രവുമായി ബന്ധപ്പെട്ട നൂതന ആശയങ്ങളും അറിവുകളും കുട്ടികളിൽ എത്തിക്കാനായി വീഡിയോ പ്രദർശനം. | ജനുവരി | ശാസ്ത്ര അധ്യാപകർ |
| 10. | ഔഷധത്തോട്ടം പുനർനിർമ്മിക്കൽ | | | |
| 11. | നക്ഷത്ര വനം കൂട്ടിച്ചേർക്കലുകൾ | | | |
| 12. | ജൈവവൈവിധ്യ ഉദ്യാനവും, ശലഭ പാർക്കും | | | |

# മേഖല യു. പി. അറബിക്

| നം | ലക്ഷ്യം | പ്രവർത്തനം | സമയം | ഭൗതികം | പിന്തുണ സാമ്പത്തികം |
|---|---|---|---|---|---|
| | ലോക ഭാഷകളിൽ മൂന്നാം സ്ഥാനത്ത് നിൽക്കുന്ന അറബി ഭാഷ പഠിക്കാനും ഒഴുക്കോടെ സംസാരിക്കാനുമുള്ള കഴിവ് കുട്ടികളിൽ വികസിപ്പിക്കുക. | **1. മികവിന്റെ വഴിയിൽ**<br>പ്രൈമറി ക്ലാസ് മുതൽ ഭാഷ ശേഷികളുടെ വളർച്ച ഉറപ്പുവരുത്തുക<br>മുന്നറിവ് പരിശോധിക്കൽ<br>അക്ഷരങ്ങൾ ഉറപ്പിക്കൽ<br>വാചകങ്ങളെ നിർമ്മിക്കൽ<br>ഭാഷ കളികൾ | 2 –മാസം | പുസ്തകങ്ങൾ വർക്ക് ഷീറ്റുകൾ, സിഡികൾ | **BRC**<br>**LSG**<br>**SMC**<br>**PTA** |
| | കരിക്കുലം ലക്ഷ്യം വയ്ക്കുന്ന അറബി ഭാഷ പഠന നേട്ടങ്ങൾ മുഴുവൻ കുട്ടികളിലും ഉറപ്പുവരുത്തുന്നു | **2. വായന വസന്തം**<br>വായന മത്സരം<br>ക്ലാസ് ലൈബ്രറി<br>സ്കൂൾ ലൈബ്രറി<br>വാട്സാപ്പ് ഗ്രൂപ്പ് ഈ വായന<br>വായന കുറിപ്പുകൾ<br>അറബിക്ക് പത്ര വായന റേഡിയോ | 6 –മാസം | പത്രങ്ങൾ, മാഗസിനുകൾ, പുസ്തകങ്ങൾ, സ്കൂൾ ലൈബ്രറി | **BRC**<br>**LSG**<br>**SMC**<br>**PTA**<br>**OSF** |
| | വായനയിലൂടെയും എഴുത്തിലൂടെയും ഭാഷ ശേഷി വർധിപ്പിക്കുന്നതിനുള്ള സാഹചര്യം ക്ലാസ് റൂമുകളിൽ ഒരുക്കുക<br><br>വിദ്യാഭ്യാസം വിഭാവനം | **3. എഴുത്തുത്സവം**<br>എഴുത്തുകൂട്ടം<br>പതിപ്പുകളുടെ നിർമ്മാണം<br>വായന കുറിപ്പ് ശേഖരണം<br>ഇൻലൻഡ് മാഗസിൻ<br>ചുമർ പത്രങ്ങൾ പോസ്റ്ററുകൾ<br>ഭാഷ കളികൾ | 1 2 –മാസം | അസംബ്ളി, ചാർട്ടുകൾ, പത്രങ്ങൾ | **BRC**<br>**PTA**<br>**INET** |

| | | | | | |
|---|---|---|---|---|---|
| | ചെയ്യുന്ന മൂല്യങ്ങളും മനോഭാവങ്ങളും ഭാഷ പഠന നേട്ടത്തിലൂടെ ഉറപ്പുവരുത്തുക<br><br>ഭാഷ പഠനത്തിൽ ഐ. ടി. യുടെ സാധ്യത പ്രയോജനപ്പെടുത്താനും വികസിപ്പിക്കുവാനുമുള്ള കഴിവ് കുട്ടികളിൽ സൃഷ്ടിക്കുക | **4. അറബിക് കമ്മ്യൂണിക്കേഷൻസ്**<br>ആശയവിനിമയ വേദി ക്ലാസ് തലം<br>ചൂൽ തലം<br>മൊബൈൽ ലിസെർണിങ് സ്പീക്കിങ്<br>യാത്രകൾ<br>അറബിക് മേള (നാടകം, മോണോആക്ട്, പ്രസംഗം, സംഭാഷണം<br>ഭാഷ കളികൾ അറബിക് അസംബ്ലി<br>ഭാഷ പ്രദർശനം<br>ഭാഷ ക്യാമ്പ് | 24–മാസം | ഐ. ടി. സി. പുസ്തകങ്ങൾ സിഡികൾ | **BRC**<br>**LSG**<br>**SMC**<br>**PTA** |
| | സർഗ്ഗ കഴിവുകൾ ഭാഷ പഠനത്തിലൂടെ വികസിപ്പിക്കുക | **5. ലാംഗ്വേജ് ലാബ്**<br>സ്മാർട്ട് ക്ലാസ്സ്റൂം<br>അറബി ഭാഷ സാഹിത്യ ശേഖരങ്ങൾ<br>ചിത്രീകരണങ്ങൾ<br>സിനിമ<br>അനിമേഷൻ<br>സോഷ്യൽ മീഡിയ ആക്റ്റിവിറ്റീസ് | 36–മാസം | | **BRC**<br>**LSG**<br>**SMC**<br>**OSF** |

സംസ്കൃതം

അക്കാദമിക്ക് മാസ്റ്റർപ്ലാൻ

ക്ലാസ് - 5, 6, 7

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ഭൗതികം | പിന്തുണ |
|---|---|---|---|---|
| 1. ഇന്ത്യയിലെ ഔദ്യോഗിക ഭാഷകളിൽ ഒന്നാണ് സംസ്കൃതം<br>UP തലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ഉറപ്പിക്കൽ . | 1.ഭാഷ ജ്ഞാനം<br>• അക്ഷരം എഴുത്ത്.<br>• ചിഹ്നം ഉറപ്പിക്കൽ .<br>• അക്ഷര കാർഡ് .<br>• വാക്കുകൾ എഴുതിയ കാർഡ്.<br>• ക്ലാസിൽ അക്ഷരമാല പ്രദർശനം.<br>• അക്ഷരമാല കളികൾ .<br>• അക്ഷരമരം നിർമ്മിക്കൽ .<br>• കാർട്ടൂൺ പ്രദർശനം.<br>• പാട്ടുകളും കഥകളും കേൾപ്പിക്കുക. | ജൂൺ - ഓഗസ്റ്റ് . | അക്ഷര ചാർട്ട്<br>പാഠപുസ്തകം<br>ICT | PTA<br>റിസോഴ്സ് അധ്യാപിക |
| | 2. പറയാം പഠിക്കാം.<br>• ചിത്രങ്ങളുടെ പേര് പറയൽ. | | | |

| | | | | |
|---|---|---|---|---|
| | • ചിത്രകഥകൾ .<br>• ലഘു സംഭാഷണങ്ങൾ നിത്യജീവിതത്തിൽ ഉപയോഗിക്കുന്ന സംസ്കൃതപദങ്ങൾ | ജൂൺ -ജൂലൈ | സംസ്കൃത കഥാപുസ്തകം.<br>ICT | റിസോഴ്സ് അധ്യാപിക. |
| 2. **വീട് ഒരു പരീക്ഷണശാല.**<br>**[കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് സംസ്കൃതത്തിൽ പഠിക്കുക. ]** | • വീട്ടിൽ ഉപയോഗിക്കുന്ന വസ്തുക്കളുടെ പട്ടിക സംസ്കൃതത്തിൽ തയ്യാറാക്കുക.<br>• ICT സഹായത്തിലൂടെ വസ്തുക്കളും വാക്കുകളും പരിശീലിക്കാനുള്ള അവസരം. | സെപ്റ്റംബർ - ഒക്ടോബർ . | സംസ്കൃതം നിഘണ്ടു. | |
| 3. **വായനാലോകം .**<br>**[ കുട്ടിയെ വായനയുടെ ലോകത്തേക്ക് കൊണ്ടുവരൽ . ]** | • തിരഞ്ഞെടുത്ത ലളിതമായ പുസ്തക ശേഖരണത്തിലൂടെ സംസ്കൃത ലൈബ്രറി സജ്ജീകരിക്കുക.<br>• ഓരോ സംസ്കൃതം പീരിയഡിലും ആദ്യത്തെ അഞ്ച് മിനിറ്റിൽ ഒരു കുട്ടി ഒരു പുസ്തകത്തിൻറെ പേജ് ഉറക്കെ വായിക്കുക .<br>• വായിച്ച പുസ്തകങ്ങൾ രേഖപ്പെടുത്തുക .<br>• കൂടുതൽ പുസ്തകങ്ങൾ വായിച്ച കുട്ടിയെ അസംബ്ലിയിൽ അനുമോദിക്കുക. | 6മാസം . | ക്ലാസ് ലൈബ്രറി . | റിസോഴ്സ് അധ്യാപിക. |

| | | | | |
|---|---|---|---|---|
| 4. കരിക്കുലം ലക്ഷ്യം വയ്ക്കുന്ന സംസ്കൃതഭാഷാ പഠന നേട്ടങ്ങൾ . | • ക്ലബ്ബ് രൂപീകരണം.<br>• പഠനോപകരണ നിർമ്മാണം .<br>• കലണ്ടർ നിർമ്മാണം .<br>• ഗൃഹ സന്ദർശനം.<br>• പഠനയാത്ര . | ജൂൺ - മാർച്ച്. | ചാർട്ട്<br>ചിത്രം | റിസോൾസ് അദ്ധ്യാപിക |
| 5.മത്സര പരീക്ഷകൾക്ക് തയ്യാറാക്കൽ. | • ആനുകാലികങ്ങൾ വായിക്കാൻ നൽകുന്നു.<br>• എല്ലാ മാസവും ക്വിസ് മത്സരം നടത്തുന്നു.<br>• മാതൃകാ ചോദ്യപേപ്പറുകൾ തയ്യാറാക്കുന്നു. | ജൂൺ - മാർച്ച് | ക്ലാസ് റൂം | റിസോഴ്സ് അധ്യാപിക. |
| 6. <u>ആസ്വാദന ലോകം .</u><br>ഓരോ കുട്ടിയുടെയും ആസ്വാദനശേഷി വർദ്ധിപ്പിക്കുവാനും സഭാകമ്പം നിവാരണം ചെയ്യാനും വേണ്ടി . | • നാടകം കൂത്ത് തുടങ്ങിയവയുടെ വീഡിയോ കാണുന്നതിന് അവസരം നൽകുന്നു.<br>• ഞാനും പറയാനും കഴിവുള്ള കുട്ടികളെ കണ്ടെത്തി അവർക്ക് അവസരം നൽകൽ.<br>• മാസത്തിൽ ഒരുതവണ | 5 മാസം | സംസ്കൃത ക്ലാസ്റൂം | റിസോഴ്സ് അധ്യാപിക |

| | | | | |
|---|---|---|---|---|
| | ആസ്വാദനസഭ ചേരുന്നു.<br><br>ഒരിക്കൽ അവതരിപ്പിച്ച കുട്ടി അടുത്ത സഭയിൽ ആസ്വാദകൻ ആകണം. | | | |
| 7.പ്രത്യേകം പരിഗണന അർഹിക്കുന്നവർക്കായുള്ള പ്രവർത്തനങ്ങൾ . | • പ്രത്യേകം പരിഗണന അർഹിക്കുന്നവർക്ക് ഉപകാരപ്രദമായ പഠനോപകരണങ്ങൾ നിർമ്മിക്കുന്നു.<br><br>• പ്രത്യേകം ക്ലാസുകൾ നൽകുന്നു.<br><br>• ഗൃഹസന്ദർശനം നടത്തുന്നു. | ജൂൺ - മാർച്ച് | ക്ലാസ് റൂം. | റിസോഴ്സ് അധ്യാപിക |
| 8.ക്ലാസ് റൂം ആകർഷകവും ആക്കുന്നതിന് . | • പെയിന്റിംഗ്<br><br>• ലൈബ്രറി ഒരുക്കുന്നു.<br><br>• സൗകര്യ പ്രദമായ ഇരിപ്പിടം ഒരുക്കുന്നു. | | | |